**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംവരണം പാലിച്ചുകൊണ്ട് നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച്

മി.സ്പീക്കർ: സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ പൊതുമേഖലയിൽ നിയമനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ നോട്ടീസ് തൊഴിൽ മേഖലയെ സംബന്ധിച്ചാണ്. സംസ്ഥാനം തൊഴിലില്ലായ്മയിൽ രാജ്യത്ത് രണ്ടാമതായിരിക്കുമ്പോഴും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ലെന്നും സംവരണം നൽകുന്നില്ലെന്നും പി.എസ്.സി. വഴി നിയമനങ്ങൾ

നടത്തുന്നില്ലെന്നതുമാണ് പ്രമേയത്തിന് ആധാരം. ഈ കാര്യങ്ങൾ ആരംഭിച്ചിരിക്കുന്നത് ഒരു സർവേയുടെ അടിസ്ഥാനത്തിലാണ്. സർവേയുടെ ആധികാരികത സംബന്ധിച്ചുള്ള കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. സംസ്ഥാനത്ത് 15 മുതൽ 29 വരെ പ്രായപരിധിയിലുള്ള ആളുകളുടെ തൊഴിലിനെ സംബന്ധിച്ചാണ് ഇതിൽ പറയുന്നത്. ഇൻഡ്യയിലെ മറ്റേത് സംസ്ഥാനത്തേക്കാളും വ്യത്യസ്തമായി 15 മുതൽ 29 വരെ പ്രായപരിധിയിലുള്ള ആളുകൾ തൊഴിലെടുക്കുവാൻ പോകുന്നില്ലെന്നത് നമുക്കറിയാം. 15 മുതൽ 23 വരെ പ്രായത്തിലുള്ള ചെറുപ്പക്കാർ വിദ്യാഭ്യാസം ചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം. അങ്ങനെ വിദ്യാഭ്യാസരംഗത്ത് നിൽക്കുന്ന ആളുകൾ തൊഴിലെടുക്കാനായി പോകുന്നില്ലെന്നുള്ള കണക്കിനുതന്നെ ആധികാരികതയില്ല. ആ എയ്ജ് ഗ്രൂപ്പിൽ തൊഴിലെടുക്കാനായി പോകുന്ന ആളുകൾ മറ്റ് സംസ്ഥാനങ്ങളെപോലെ അൺഓർഗനൈസ്ഡ് സെക്ടറിലേയ്ക്ക് പോകുന്ന സ്ഥിതിയില്ല എന്നതുകൊണ്ട് തന്നെ ആ കണക്കിന് അടിസ്ഥാനമില്ല. സംവരണ കാര്യങ്ങളും മറ്റും പാലിക്കുന്നില്ലെന്നും വേണ്ടത്ര ആളുകൾക്ക് ജോലി ലഭിക്കുന്നില്ലെന്നും പി.എസ്.സി. വഴി നിയമനം

നടക്കുന്നില്ലെന്നുമൊക്കെയാണ് ഈ രേഖയിൽ പറയുന്നത്. എന്താണ് ഇതിലെ വസ്തുതകൾ? നമ്മുടെ സംസ്ഥാനത്ത് പി.എസ്.സി. നടത്തുന്ന നിയമനങ്ങളെ സംബന്ധിച്ച് 2023-ലെ യു.പി.എസ്.സി.-യുടെ റിപ്പോർട്ട് അനുസരിച്ചുള്ള വളരെ വ്യക്തമായ കണക്കുകൾ വന്നിട്ടുണ്ട്. നമ്മുടെ രാജ്യത്താകെ 2023-ൽ പി.എസ്.സി. നടത്തിയ നിയമനങ്ങളിൽ 60 ശതമാനത്തിലധികം കേരളത്തിലാണ് നടന്നിട്ടുള്ളത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ കണക്ക് ആ റിപ്പോർട്ടിലുണ്ട്. രാജ്യത്തെ ആകെ ജനസംഖ്യയുടെ മൂന്ന് ശതമാനത്തിൽ താഴെ വരുന്ന ഒരു സംസ്ഥാനത്താണ് ആകെ പി.എസ്.സി. നിയമനങ്ങളുടെ മൂന്നിൽ രണ്ട് ഭാഗവും നടക്കുന്നതെന്നുള്ളത് ചെറിയ കാര്യമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് മൂന്ന് വർഷമായി, അതിനുശേഷം മാത്രം പതിനായിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കഴിഞ്ഞ എട്ട് വർഷം കൊണ്ട് ആകെ മുപ്പതിനായിരത്തിലധികം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതാണ് നമ്മുടെ സംസ്ഥാനത്തെ കണക്കുകൾ. എന്റെ കയ്യിലുള്ളത് 'കേരള പി.എസ്.സി. രാജ്യത്ത് നമ്പർ വൺ' എന്ന വാർത്ത മലയാള മനോരമ പ്രസിദ്ധീകരിച്ചതാണ്. 2024 ജൂൺ 24-ൽ മലയാള മനോരയുടെ തൊഴിൽ

വീഥി പ്രസിദ്ധീകരിച്ചിരിക്കുന്ന കണക്കനുസരിച്ച് അഞ്ച് വർഷത്തിനിടൽ 1.44 ലക്ഷം നിയമന ശിപാർശകൾ നൽകിയ പി.എസ്.സി.-യാണ് കേരളത്തിലേതെന്നാണ്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നൽകിക്കൊണ്ട് പറയുന്ന രണ്ട് കാര്യങ്ങൾക്കും ഇതിൽത്തന്നെ മറുപടിയുണ്ട്. കോവിഡ് മഹാമാരിക്കാലത്തൊഴിച്ച് പി.എസ്.സി. നിയമനങ്ങളുടെ ഒരു വർഷത്തെ ശരാശരി കണക്ക് പരിശോധിച്ചാൽ മുപ്പതിനായിരത്തിനും മുപ്പത്തയ്യായിരത്തിനുമിടയിൽ നിയമന ശിപാർശകൾ നൽകുന്നുണ്ട്. അപ്പോഴും ഇന്ത്യയിലെ ആകെ നിയമന ശിപാർശകളുടെ ശരാശരി 70 മുതൽ 80 ശതമാനം വരെ കേരളത്തിലാണ് നടന്നിട്ടുള്ളത്. 2023-ൽ വിവിധ സംസ്ഥാന പി.എസ്.സി.-കൾ നടത്തിയ നിയമനത്തിന്റെ കണക്കനുസരിച്ച് 34110 പേർക്ക് കേരളത്തിൽ പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്. കോൺഗ്രസ് ഭരണം നടത്തുന്ന സംസ്ഥാനങ്ങളെ എടുത്തുപറയുന്നില്ല. കോൺഗ്രസ് നേതാക്കന്മാർ ഇങ്ങനെയൊരു ഉപക്ഷേപം അവതരിപ്പിക്കുമ്പോൾ അവർ ആ കണക്കുകൾ കൂടി നോക്കേണ്ടതല്ലേ? നിയമന ശിപാർശയുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്തുള്ളത് കോൺഗ്രസ് ഭരിക്കുന്ന

സംസ്ഥാനങ്ങൾക്കല്ല. നിയമന ശിപാർശയുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്തുള്ളത് തമിഴ്നാടാണ്. തമിഴ്നാട് പി.എസ്.സി. വഴി പന്ത്രണ്ടായിരത്തിലധികം വരുന്ന ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ട്. കേരളത്തിന്റെ ജനസംഖ്യയേക്കാൾ എത്രയോ അധികം ജനസംഖ്യയുള്ള സംസ്ഥാനമാണ് തമിഴ്നാട്. തെലുങ്കാനയിൽ 314 പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന കണക്കാണ് മനോരമയിൽ വന്നിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ യു.പി.എസ്.സി. കണക്കുപ്രകാരം കർണ്ണാടകത്തിൽ വളരെ കുറച്ച് നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളതെന്നാണ്. നമ്മുടെ രാജ്യത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനമായ ഉത്തർ പ്രദേശിൽ വളരെ കുറച്ച് നിയമനങ്ങളാണ് നടത്തിയിട്ടുള്ളതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഞാൻ ഓരോ സംസ്ഥാനങ്ങളുടെയും കണക്ക് എടുത്തുപറയുന്നതിലെ ഔചിത്യകുറവുകൊണ്ട് അത് പറയുന്നില്ല. എങ്കിലും പ്രസിദ്ധീകരിച്ച ഒരു രേഖയനുസരിച്ച് 2023-ൽ 24 കോടി ജനങ്ങളുള്ള ഉത്തർ പ്രദേശിൽ 4120 പേർക്കാണ് നിയമന ശിപാർശകൾ നൽകിയിട്ടുള്ളത്. സംവരണം സംബന്ധിച്ചും ആ റിപ്പോർട്ടിൽ എടുത്തുപറഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ

സംവരണ വിഭാഗങ്ങളുടെ നിയമനത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കേരള പി.എസ്.സി. ആണ്. 2023-ലെ 34110 നിയമന ശിപാർശകളിൽ എസ്.സി. വിഭാഗത്തിൽനിന്ന് 2673 പേർക്കും എസ്.ടി. വിഭാഗത്തിൽനിന്ന് 2260 പേർക്കും ഒ.ബി.സി. വിഭാഗത്തിൽനിന്ന് 11921 പേർക്കും നിയമനം ലഭിച്ചിട്ടുണ്ട്. ഞാൻ ഈ കണക്കുകൾ പറയുന്നത് പത്രത്തിൽ വളരെ വിശദമായി റിപ്പോർട്ട് ചെയ്ത് വാർത്തയായതുകൊണ്ടാണ്. കേരള പി.എസ്.സി.-യുടെ കണക്കുകൾ പരിശോധിച്ചാൽ ഇക്കാര്യങ്ങൾ നിങ്ങൾക്ക് കാണാൻ സാധിക്കും. അതുകൊണ്ട് നമ്മുടെ കേരളത്തിലെ പി.എസ്.സി. വഴിയുള്ള നിയമനത്തിൽ ഇതെല്ലാമുണ്ട്. ഇവിടെ ഇങ്ങനെയുള്ള കാര്യം ഉന്നയിക്കുമ്പോൾ ഇന്ത്യയിലെ പൊതുവെയുള്ള സ്ഥിതി എന്താണെന്നുകൂടി അറിഞ്ഞിരിക്കണം. യു.പി.എ. ഭരിക്കുന്ന സമയത്താണ് കേന്ദ്ര സർക്കാർ ക്ലാസ് ഫോർ ജീവനക്കാരെയെല്ലാം കരാർ വ്യവസ്ഥയിൽ നിയമിക്കാൻ തീരുമാനിച്ചത്. ഇന്ത്യയിലെ ഇപ്പോഴത്തെ സ്ഥിതി കൂടി മനസ്സിലാക്കണം. ജനങ്ങൾക്ക് കേൾക്കാൻ താൽപ്പര്യമുള്ള ഒരു വിഷയം ചർച്ച ചെയ്യുന്നതിൽ എനിക്ക് സന്തോഷമുണ്ട്. സർക്കാരിന് പറയാനുള്ള കാര്യങ്ങൾ

അവതരിപ്പിക്കാൻ സാധിക്കുമല്ലോ; കഴിഞ്ഞ രണ്ട് മൂന്ന് ദിവസം എന്താണ് ഈ സഭയിൽ നടന്നതെന്നത് ഞാൻ എടുത്തുപറയേണ്ടതില്ലല്ലോ? കഴിഞ്ഞ ദിവസങ്ങളിൽ പ്രതിപക്ഷം ഉന്നയിച്ചത് ഒരു അടിസ്ഥാവുമില്ലാത്ത കാര്യങ്ങളാണെന്ന് ജനങ്ങൾക്ക് മനസ്സിലായി. ഏതായാലും തൊഴിൽ സംബന്ധിച്ച ചർച്ചകൾ നല്ലതാണ്. കേന്ദ്ര മന്ത്രി പാർലമെന്റിൽ നൽകിയ മറുപടിൽ ഇന്ത്യയിലെ പൊതുമേഖലയിൽ മാത്രം 10 ലക്ഷത്തിലധികം ഒഴിവുകളുണ്ടെന്നാണ്. ഓരോ വകുപ്പുകളുടെ വിശദീകരണം പിന്നെ പറയാം. പൊതുമേഖലയിൽ ഏറ്റവും കൂടുതൽ ഒഴിവുകളുള്ളത് ഇന്ത്യൻ റയിൽവേയിലാണ്. പട്ടാളത്തിലുൾപ്പെടെ അഗ്നിവീർ അടക്കമുള്ള കാര്യങ്ങൾ നടപ്പിലാക്കി. പട്ടാളത്തിൽ വരെ താൽക്കാലിക നിയമനങ്ങൾ നടത്തുകയാണ്. എല്ലാ മേഖലയിലും സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായുള്ള പ്രശ്നങ്ങളുണ്ട്. സംവരണത്തിന്റെ കാര്യത്തിലും ഈ പ്രശ്നങ്ങളുണ്ട്. വ്യവസായ വകുപ്പ് മാത്രം മൂന്ന് ലക്ഷത്തോളം പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും അവിടെ വന്നിട്ടുള്ള തൊഴിലവസരങ്ങളെക്കുറിച്ചുള്ള കണക്കുകളുമുണ്ട്. ഓരോ മേഖലയിലേയും കണക്കുകളുണ്ട്. ഒറ്റക്കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്.

തൊഴിലില്ലായ്മയുടെ കണക്കുകൾ പറയുമ്പോൾ കേരളത്തിൽ തൊഴിലവസരങ്ങൾ ഏറെയുള്ളതുകൊണ്ടാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് അതിഥി തൊഴിലാളികളായി ഓരോ വർഷവും പത്തിരുപത് ലക്ഷം ആളുകൾ വരുന്നത്. ഓരോ വർഷവും ഇരുപത് ഇരുപത്തിനാല് ലക്ഷം ആളുകൾ ഝാർഖണ്ഡ്, ആസാം എന്നീ സംസ്ഥാനങ്ങളിൽനിന്നുമുള്ള തൊഴിലാളികൾ കേരളത്തിലേയ്ക്ക് തൊഴിൽ തേടിവരുന്നുണ്ടെന്ന കണക്ക് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ റിപ്പോർട്ട് അനുസരിച്ച് ആ സംസ്ഥാനങ്ങളിൽ കേരളത്തേക്കാൾ മെച്ചപ്പെട്ട സ്ഥിതിയാണെന്നാണ്. അവിടുന്നൊക്കെ ധാരാളം തൊഴിലാളികൾ തൊഴിൽ തേടിവരുന്ന സംസ്ഥാനമാണ് കേരളം. ഒരു വർഷം പത്തിരുപത്തിനാല് ലക്ഷം ആളുകൾക്ക് ഇവിടെവന്ന് തൊഴിലെടുക്കാൻ സാധിക്കുന്നുണ്ടെങ്കിൽ കേരളത്തിന്റെ സാമ്പത്തിക രംഗവും തൊഴിൽ രംഗവും പൊതുജീവിത രംഗവും മെച്ചമാണെന്നാണ്. ഞാൻ നേരത്തെ പറഞ്ഞ കണക്കനുസരിച്ചും ആധികാരികമായി കേന്ദ്ര ഏജൻസിയായ യു.പി.എസ്.സി.-യുടെ കണക്കനുസരിച്ചും കൃത്യമായി സംവരണം നടപ്പാക്കി പരമാവധി ആളുകൾക്ക് ജോലി നൽകുന്ന ഒരു സംസ്ഥാനമാണ് കേരളം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരളത്തിലെ അതിരൂക്ഷമായ തൊഴിലില്ലായ്മയും പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളുടെ അപ്രഖ്യാപിത നിരോധനത്തെക്കുറിച്ചും സൂചിപ്പിച്ചപ്പോൾ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ കണക്കുകളെ ഉദ്ധരിച്ചായിരുന്നു മറുപടി നൽകിയത്. പി.എസ്.സി. വഴി നിയമനം നടത്തുന്നതിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ നിയമനം നടക്കുന്നത് കേരളത്തിലാണെന്ന് പറയുകയുണ്ടായി. ബഹു. ചെയർ ഇതിലെ വസ്തുത പരിശോധിക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്തി ക്വാട്ട് ചെയ്തുസംസാരിച്ച പല സംസ്ഥാനങ്ങളിലും വിവിധ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡുകളുണ്ട്. പോലീസ്, ഫയർഫോഴ്സ് തുടങ്ങിയവ ഉദാഹരണങ്ങളാണ്. നിയമനങ്ങൾ നടത്തുന്നതിൽ കേരളം കഴിഞ്ഞാൽ രണ്ടാം സ്ഥാനം തമിഴ്നാടിനാണെന്നാണ് പറഞ്ഞത്. രണ്ടാം സ്ഥാനമുള്ള തമിഴ്നാട്ടിൽ പോലീസിലേയ്ക്ക് റിക്രൂട്ട്മെന്റിന് പ്രത്യേകം ബോർഡുണ്ട്. കേരളത്തിൽ പോലീസ്, ഫയർഫോഴ്സ് സേനകളിലേയ്ക്കും ഒട്ടുമിക്ക മറ്റെല്ലാ തസ്തികകളിലേയ്ക്കും പി.എസ്.സി. വഴിയാണ് നിയമനം നടത്തുന്നത്.

അതുകൊണ്ടുതന്നെ ഈ രീതിയിൽ താരതമ്യം ചെയ്ത്, ഞങ്ങളാണ് കൂടുതൽ നിയമനം നടത്തിയതെന്ന് പറയുന്നതിൽ വസ്തുതാപരമായ പിശകുണ്ട്. ഞാൻ ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തിന്റെ മറുപടിയായി, മലയാള മനോരമ ദിനപത്രം പ്രസിദ്ധീകരിച്ച വാർത്തയാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്. നന്നാകില്ലെന്ന് പി.എസ്.സി. - ഇതാണ് മലയാള മനോരമ പ്രസിദ്ധീകരിച്ച വാർത്ത. എൽ.ഡി.ക്ലാർക്ക് പരീക്ഷ, ചോദ്യവും ഉത്തര സൂചികയും തെറ്റിച്ച് പി.എസ്.സി. - മാതൃഭൂമി, ഭരണനേട്ടം കൈവിട്ടുപോയി, പി.എസ്.സി. നിയമനം താഴേയ്ക്ക് - കേരള കൗമുദി, വീണ്ടും പിൻവാതിൽ നിയമനമേള, പി.എസ്.സി.- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നോക്കുകുത്തി - മംഗളം, ഉത്തരക്കടലാസുകൾക്ക് മുകളിൽ അടയിരുന്ന് പി.എസ്.സി. - മാധ്യമം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മലയാള മനോരമ ദിനപത്രത്തിൽ നേരത്തെ പ്രസിദ്ധീകരിച്ച വാർത്തയാണ് പറഞ്ഞെങ്കിൽ, ഇന്നത്തെ വാർത്ത ഞാൻ പറയാം. 'മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ 170-ൽ 151 നിയമനവും ചട്ടം ലംഘിച്ച്..' മനോരമയിലെ വാർത്ത മതിയെങ്കിൽ ഇക്കാര്യവും ഇവിടെ സൂചിപ്പിക്കാം. 40 വർഷത്തെ രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും

വലിയ തൊഴിലില്ലായ്മയാണ് ശ്രീ. നരേന്ദ്ര മോദിയുടെ ഭരണത്തിൽ രാജ്യം നേരിടുന്നത്. യു.പി.എ. സർക്കാർ കൊണ്ടുവന്ന തൊഴിലുറപ്പ് പദ്ധതിയെപ്പോലും അട്ടിമറിച്ചുകൊണ്ടാണ് നിലവിൽ കേന്ദ്രസർക്കാരിന്റെ ഭരണം മുന്നോട്ടുപോകുന്നത്. ടി കേന്ദ്രസർക്കാരിന്റെ ഒരു ഏജൻസി നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ, എൻ.എസ്.എസ്.ഒ. (നാഷണൽ സാമ്പിൾ സർവ്വേ ഓഫീസ്) ഇടപെട്ട് നടത്തുന്ന ഒരു ആധികാരിക സർവ്വേയാണിത്. അതിൽ ഒരുപാട് കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. 15 മുതൽ 29 വരെ പ്രായമുള്ള യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് 29.9 ശതമാനമാണ്. ദേശീയ തലത്തിൽ 10.2 ശതമാനമായി നിലനിൽക്കുന്ന സമയത്താണ് കേരളത്തിന്റേത് 29.9% എന്ന് ഓർമ്മിക്കണം. വനിതകളുടെ കാര്യത്തിൽ തൊഴിലില്ലായ്മ നിരക്ക് 47.1 ശതമാനമാകുന്നു. ഇവിടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. വ്യവസായ മേഖലയിൽ പ്രതിസന്ധിയുണ്ട്. ചെറുകിട - പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ മേഖലകളെല്ലാം പ്രതിസന്ധിയിലാണ്. ഉന്നതവിദ്യാഭ്യാസത്തിനായി യുവാക്കൾ അന്യനാട്ടുകളിലേയ്ക്ക് പോകുന്നതിന്റെ ഒരു കാരണം

പഠനത്തോടൊപ്പം അവിടെ എന്തെങ്കിലും ചെറിയ ജോലി നേടാമെന്നതാണ്. കേരളത്തിൽ പഠിച്ചാലും ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ് അഭ്യസ്തവിദ്യരായ യുവജനതയ്ക്കുള്ളത്. കേരളത്തിൽ സർക്കാർ ജോലി എന്നത് യഥാർത്ഥത്തിൽ ഇന്ന് അനാകർഷകമായ ഒരു ജോലിയാണ്. സർക്കാർ ജീവനക്കാർക്ക് 22% ഡി.എ. കുടിശ്ശികയാണ്, ലീവ് സറണ്ടറില്ല, മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല, കെ.എസ്.ആർ.ടി.സി. പോലുള്ള മേഖലകളിൽ കൃത്യമായി ശമ്പളം പോലും നൽകാൻ കഴിയുന്നില്ല. അനാകർഷകമായിട്ടുപോലും ലക്ഷക്കണക്കിന് ചെറുപ്പക്കാർ ജോലിക്കുവേണ്ടി പി.എസ്.സി.-യെ ആശ്രയിക്കേണ്ടിവരുന്നത് അവർക്ക് ഇവിടെ വേറെ മാർഗമില്ലാത്തതുകൊണ്ടാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ മറ്റ് തൊഴിൽ മേഖലകൾ ലഭ്യമല്ലാത്തതുകൊണ്ടും നിലവിലുള്ള മേഖലകൾ പ്രതിസന്ധിയിലായത് കൊണ്ടുമാണ്. പി.എസ്.സി. മുഖേന Dve അനാകർഷകമായ സർക്കാർ മേഖലയിലേയ്ക്ക് കടന്നുവരാൻ ചെറുപ്പക്കാർ നിർബന്ധിതരാകുകയാണ്. എന്നാൽ ചെറുപ്പക്കാരുടെ ഏക ആശ്രയമായ പി.എസ്.സി. നിയമനംപോലും സർക്കാർ അട്ടിമറിക്കുകയാണ്. അതിന്

ഏറ്റവും അനുയോജ്യമായ ഉദാഹരണമാണ് സി.പി.ഒ. റാങ്ക് ലിസ്റ്റ്. നിലവിൽ കേരള പോലീസിൽ വിവിധ തസ്തികകളിലായി 13 റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്. എസ്.ഐ. സിവിൽ പോലീസ്, എസ്.ഐ. ആംഡ് പോലീസ്, എസ്.ഐ. കോൺസ്റ്റാബുലറി, എസ്.ഐ. മിനിസ്റ്റീരിയൽ, ആംഡ് എസ്.ഐ. കോൺസ്റ്റാബുലറി, സി.പി.ഒ., ബറ്റാലിയൻ 7 റാങ്ക് ലിസ്റ്റ്, വിമൺ സി.പി.ഒ. റാങ്ക് ലിസ്റ്റ് തുടങ്ങിയവയാണ്. സി.പി.ഒ. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് ഏകദേശം ആറ് മാസമായി. ഇനി 6 മാസത്തെ കാലാവധിയെ ബാക്കിയുള്ളൂ. നാളിതുവരെയും ടി റാങ്ക് ലിസ്റ്റിൽ നിന്നും ഒരാളെപ്പോലും നിയമിച്ചിട്ടില്ല. കഴിഞ്ഞ ലിസ്റ്റിന്റെ പരിധിയിൽ ഏകദേശം ഈ സമയത്തിനുള്ളിൽ രണ്ട് ബാച്ചുകൾ ട്രെയിനിംഗിന് കയറിയിട്ടുണ്ടാകും. അതേ സ്ഥലത്താണ് നിലവിൽ ഒരാളെപ്പോലും നിയമിക്കാത്ത അവസ്ഥയുള്ളത്. മുൻ കാലങ്ങളിൽ 20000-30000 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്ന റാങ്ക് ലിസ്റ്റ് 13000 ആക്കുകയും ഇപ്പോൾ 6647 പേരുടെ ലിസ്റ്റാക്കി ചുരുക്കി. എന്നിട്ടും അതിൽനിന്ന് ഒരാളെപ്പോലും നിയമിച്ചിട്ടില്ലെന്നതാണ് വാസ്തവം. വനിതാ കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ 967 ഉദ്യോഗാർത്ഥികളുണ്ടായിരുന്നു. ടി റാങ്ക്

ലിസ്റ്റിൽ നിന്നും ഒരാളെപ്പോലും നിയമിച്ചിട്ടില്ല. സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച് 15 ശതമാനം ആക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ ഉറപ്പുനൽകിയതാണ്. കേരളത്തിലെ ക്രമസമാധാന പാലനത്തിന് ഏറ്റവും ആവശ്യമായ എസ്.ഐ. പോസ്റ്റിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ വനിതകളടക്കം 1038 പേരുണ്ട്. അതിൽ നിന്നും ഒരാളെപ്പോലും നിയമിച്ചിട്ടില്ല. ആകെ 40 എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ നിയമസഭാ സെഷനിൽ പ്രതിപക്ഷം ഇതുമായി ബന്ധപ്പെട്ട് ഒരു ഉപക്ഷേപം സഭയിൽ ഉന്നയിച്ചിരുന്നു. അന്ന് വളരെ പോസിറ്റീവായാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി നൽകിയത്. തസ്തികകൾ സൃഷ്ടിക്കുമെന്നും പോലീസ് സേനയുടെ സ്ട്രെംഗ്ത് വർദ്ധിപ്പിക്കുമെന്നും സൂചിപ്പിച്ചിരുന്നു. സേനയിൽ അംഗബലം കുറവായതുകൊണ്ടും മാനസിക സമ്മർദം, ജോലിഭാരം, വിഷാദ രോഗം എന്നീ കാരണങ്ങൾ കൊണ്ട് ഒരു സമയത്ത് 83 പോലീസുകാരാണ് വിവിധ കാരണങ്ങളാൽ ആത്മഹത്യ ചെയ്തത്. കഴിഞ്ഞ ആഴ്ച മൂന്ന് പോലീസുകാർ ആത്മഹത്യ ചെയ്തു. പോലീസ് സേനയുടെ സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ഫയൽ ബഹുമാനപ്പെട്ട ഡി.ജി.പി.-യുടെ

ഓഫീസിൽ നിന്ന് ധനകാര്യ വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ധനകാര്യ വകുപ്പ് അത് റിജക്റ്റ് ചെയ്തു. ആഭ്യന്തര വകുപ്പിൽ ഉദ്യോഗസ്ഥരുടെ സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി ഹർഷിത അട്ടല്ലൂരി ഐ.പി.എസ്.-ന്റെ ഒരു റിപ്പോർട്ടും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ടി ഫയലും ധനകാര്യ വകുപ്പ് നിരസിച്ചു. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അറിവോടെയാണോ സംഭവിക്കുന്നത്? അദ്ദേഹം സഭയ്ക്ക് നൽകിയ ഉറപ്പ് സ്ട്രെംഗ്സ് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമെന്നും പോലീസുകാരുടെ ജോലി ഭാരം കുറയ്ക്കുമെന്നും ആത്മഹത്യ തടയും എന്നൊക്കെയായിരുന്നു. എന്നാൽ അതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിലെത്തുമ്പോൾ നിരന്തരം നിരസിക്കപ്പെടുന്ന സാഹചര്യമാണ്. മുൻകാലങ്ങളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾക്ക് മൂന്ന് വർഷത്തെ കാലാവധിയുണ്ടായിരുന്നു. എന്നാൽ നിലവിൽ കാലാവധി ഒരു വർഷമാണ്. ഒരു വർഷം കാലാവധിയുള്ള ലിസ്റ്റ്, നിലവിൽ വന്ന് ആറ് മാസമായിട്ടും ഒരാളെപ്പോലും നിയമിച്ചിട്ടില്ല. സാമ്പത്തിക പ്രതിസന്ധി കാരണമാണെന്നാണ് ധനകാര്യ വകുപ്പിന്റെ വിശദീകരണം. കേരളീയം, നവകേരള സദസ്സ്, ലോകകേരള സഭ എന്നീ

പരിപാടികൾ നടത്താനും യാത്രയ്ക്കായി ഹെലികോപ്റ്റർ വാടകയ്ക്കെടുക്കാനും സർക്കാരിന് പണമുണ്ട്. ഞാൻ ഫുട്ബോൾ മത്സരങ്ങൾ കാണാൻ തുടങ്ങിയ കാലം മുതൽ വ്യക്തിപരമായി അർജന്റീന ടീമിന്റെ ആരാധകനാണ്. അർജന്റീന ടീം കേരളത്തിൽ വന്ന് കളിക്കുന്നതിൽ വളരെയധികം സന്തോഷവുമുണ്ട്. അതിനുവേണ്ടി 100 കോടിരൂപ ചെലവാക്കാനും സർക്കാരിന് പണമുണ്ട്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പാവപ്പെട്ട ഉദ്യോഗാർത്ഥികൾക്കുവേണ്ടി തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് വിഷയം എത്തുമ്പോൾ മാത്രം ധനകാര്യ വകുപ്പിൽ തുകയില്ല. ഇത് അനീതിയാണ്. ആദ്യം പ്രിലിംസ് എക്സാം, മെയിൻസ്, ഫിസിക്കൽ, മെഡിക്കൽ, ഇന്റർവ്യൂ തുടങ്ങി എല്ലാ ഘട്ടങ്ങളും കടന്നാണ് ഒരു ഉദ്യോഗാർത്ഥി പോലീസ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നത്. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് ആറ് മാസമായിട്ടുപോലും ഒരാളെപ്പോലും നിയമിക്കാത്ത സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ടി വിഷയം മാത്രമല്ല, അധ്യാപക നിയമനത്തെക്കുറിച്ചുള്ള പത്രവാർത്തകളുമുണ്ട്. സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാകാത്തതുകാരണം എൽ.പി., യു.പി., എച്ച്.എസ്., തുടങ്ങി ഒരു വിഭാഗത്തിലും അധ്യാപക നിയമനം നടക്കുന്നില്ല.

കെ.എസ്.ഇ.ബി., വനം വകുപ്പ് എന്നിവിടങ്ങളിലും നിയമനമില്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ സമരവും മറ്റ് ബുദ്ധിമുട്ടുകളും ഈ സഭയിലിരിക്കുന്ന ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാരിൽ ആർക്കാണറിയാത്തത്; എല്ലാവർക്കും അറിയാം. ശ്രീ. അജിത് കുമാർ പോയികണ്ട ആളെയൊഴികെ ബാക്കിയെല്ലാവരും അവർ കണ്ടിട്ടുണ്ട്. നിയമനം നടക്കാൻ അതും വേണ്ടിവരുമോ? ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മെരിറ്റ്, സംവരണം എന്നിവയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴിയും പി.എസ്.സി. വഴി നിയമനം നടന്നാൽ സംവരണ തത്വം പാലിക്കപ്പെടുമെന്നാണ് പറഞ്ഞത്. എന്നാൽ ഇവിടെ പിൻവാതിൽ നിയമനമാണ് നടക്കുന്നത്. പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന പേര് മാറ്റി പാർട്ടി സർവ്വീസ് കമ്മീഷൻ കേരളത്തിൽ നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ മാത്രമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിലുള്ള ഐ.ടി. വകുപ്പിൽ 558 പേരെയും സാമൂഹ്യനീതി വകുപ്പിൽ 874 പേരെയും പിൻവാതിൽ വഴി നിയമിച്ചു. ആരോഗ്യ വകുപ്പിലും ഈ സ്ഥിതിക്ക്

മാറ്റമൊന്നുമില്ല. മഹാനായ ഡോ. ബി. ആർ. അംബേദ്കർ ഇന്ത്യയുടെ ഭരണഘടന തയ്യാറാക്കിയപ്പോഴുള്ള ഭരണാഘടനാപരമായ സംവരണ തത്വം അട്ടിമറിച്ചാണ് വ്യാപകമായി സംസ്ഥാനത്ത് പിൻവാതിൽ നിയമനമേള നടത്തുന്നത്.

മി.സ്പീക്കർ: താങ്കളുടെ സമയം കഴിയാറായി. ദയവായി ചുരുക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ വിഷയത്തിൽ നിന്നുമാറി യാതൊന്നും പറയുന്നില്ല. പ്രസംഗം ചുരുക്കാം. സർവ്വീസിൽ നിന്ന് വിരമിച്ച ആളുകളെ ലക്ഷക്കണക്കിന് രൂപ ശമ്പളം നൽകി പുനർനിയമിക്കുന്ന സാഹചര്യമാണ്. ആരുടേയും പേര് പ്രത്യേകമായി പരാമർശിക്കുന്നില്ല. എന്നാൽ പാവപ്പെട്ട ആളുകൾക്ക് ഇവിടെ നിയമനം ലഭിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

The Employment Exchanges (Compulsory Notification of Vacancies) Act 1959 പ്രകാരം പാലിക്കപ്പെടേണ്ട ഒരുകാര്യവും പാലിക്കാതെയാണ് നിർബാധം ഈ പറയുന്ന തരത്തിലുള്ള പിൻവാതിൽ നിയമനങ്ങൾ ഇവിടെ അരങ്ങേറുന്നത്. അതുമാത്രമാണോ ഇവിടെ, ഞങ്ങൾ പറഞ്ഞതിന് എതിരായിട്ട് പറഞ്ഞത് മറ്റു

സ്ഥലങ്ങളിൽനിന്നും ആളുകൾ കേരളത്തിൽ ജോലി അന്വേഷിച്ച് വരുന്നുയെന്നാണ്. Gulati Institute of Finance and Taxation (GIFT) നമ്മുടെ ഏജൻസി അല്ലേ. അതിന്റെ കണക്കുപ്രകാരം നാൽപത്തിഅഞ്ചുലക്ഷത്തിൽപരം ആളുകൾ പുറത്താണ്. കഴിഞ്ഞ വർഷം മാത്രം വിദ്യാഭ്യാസ വായ്പയായി 4,545 കോടി രൂപയാണ് അനുവദിച്ചത്. പൊതുവിദ്യാഭ്യാസത്തിനും ഉന്നതവിദ്യാഭ്യാസത്തിനുമായി 1,000 കോടി രൂപയാണ് നമ്മൾ ബഡ്ജറ്റിൽ പാസ്സാക്കിയത്. പൊതുമേഖല ബാങ്കിൽനിന്നുമാത്രം 4,500 കോടി രൂപയാണ് കുട്ടികൾ വായ്പയെടുത്തിട്ടുള്ളത്. ഇവിടെ ജീവിക്കാൻ കഴിയാത്ത സാഹചര്യമായതുകാരണം അവർ നാടുവിട്ടുപോകുകയാണ്. അതുകൊണ്ട് migration-ൽ ഏഴിലൊരു മലയാളി പുറം നാട്ടിലാണ് കഴിയുന്നത്. ആ സാഹചര്യം ഈ സംസ്ഥാനത്തുണ്ട്. ഒരുവശത്ത് സേനയിൽ ആൾ ബലമില്ല. പോലീസ് സേനയുടെ കാര്യമെടുത്താൽ ജോലിഭാരം, വിഷാദ രോഗം, ആത്മഹത്യ, വി.ആർ.എസ്. മറുവശത്ത് പതിനയ്യായിരം തസ്തിക സൃഷ്ടിക്കണമെന്ന് ഡി.ജി.പി. ആവശ്യപ്പെടുമ്പോൾ ധനകാര്യവകുപ്പ് അത് നിരസിക്കുന്നു. സി.പി.ഒ. റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് കിട്ടിയ വ്യക്തിക്ക് ഏഴുമാസമായിട്ടും നിയമനം കൊടുക്കാത്ത ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ടി വിഷയം വിശദീകരിച്ച് പറഞ്ഞെങ്കിലും അതിൽ അധികം കാര്യങ്ങളൊന്നുമില്ലെന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും സഭയ്ക്ക് മനസ്സിലായിട്ടുണ്ട്. ഞാൻ പറഞ്ഞത് ഏതെങ്കിലുമൊരു പത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിലല്ല, മറിച്ച് കേന്ദ്ര ഗവൺമെന്റ് പാർലമെന്റിലും മറ്റു സ്ഥലങ്ങളിലും നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് പത്രത്തിൽ വന്നതിന്റെ അടിസ്ഥാനത്തിലാണ്. അത് തമ്മിൽ വ്യത്യാസമുണ്ട്. ഊഹോപോഹത്തിന്റെ അടിസ്ഥാനത്തിൽ വരുന്ന വാർത്തയല്ല. സെൻട്രൽ ഗവൺമെന്റിന്റെ ഏറ്റവും ആധികാരികമായ പാർലമെന്റിൽ കൊടുത്ത മറുപടിയും Union Public Service Commission കൊടുത്ത മറുപടിയുമാണ് ഞാൻ ഇവിടെ പറഞ്ഞത്. ഞാൻ പറഞ്ഞത് മനോരമയിലും ദേശാഭിമാനിയിലും ജനയുഗത്തിലും മാതൃഭൂമിയിലും വന്നിട്ടുണ്ട്. മനോരമയിൽവന്ന വാർത്ത നിങ്ങൾ വായിക്കണം. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ആധികാരികമായ രേഖ അനുസരിച്ച് ഇന്ത്യയിൽ ആകെ നടന്ന പി.എസ്.സി. അപ്പോയ്മെന്റിൽ 60 ശതമാനത്തോളം

അപ്പോയ്മെന്റ് നടന്നത് മൂന്ന് ശതമാനത്തിൽ താഴെ മാത്രം ജനങ്ങളുള്ള കേരളത്തിലാണെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. പി.എസ്.സി. അപ്പോയ്മെന്റിനെ സംബന്ധിച്ച് ഞങ്ങൾക്ക് കൃത്യമായ കാഴ്ചപ്പാടുണ്ട്. നമ്മുടെ നാട്ടിൽ അപ്പോയ്മെന്റ് മാത്രമല്ല 2016-നുശേഷം 30,000 ത്തോളം അധികം പോസ്റ്റുകൾ സൃഷ്ടിച്ചുയെന്ന് ഞാൻ പറഞ്ഞു. റാങ്ക് ലിസ്റ്റുകൾ അതിന്റെ കാലാവധിക്കുള്ളിൽതന്നെ എല്ലാ ഒഴിവുകളിലും നിയമനം നടത്തുകയെന്നുള്ളതാണ് സർക്കാരിന്റെ നയം. ഒരുറാങ്ക് ലിസ്റ്റിലെയും വേക്കൻസികളും ഒഴിഞ്ഞുകിടക്കരുത്. പി.എസ്.സി. ലിസ്റ്റിനകത്തുള്ള എല്ലാ ആളുകൾക്കും നിയമനം എന്നല്ല പൊതുനയം. അത് അങ്ങേയ്ക്കും അറിയാവുന്നതാണ്. നേരത്തെ അപ്പോയ്മെന്റ് നടത്താതിരുന്ന, നിയമന നിരോധനത്തിന്റെ ഒരു കാലമുണ്ടായിരുന്നു. ഞങ്ങളുടേത് അങ്ങനത്തെ കാലമല്ല. മുഴുവൻ ഒഴിവുകളിലും നിയമനം നടത്തി അതിനനുസരിച്ച് പരമാവധി എല്ലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതമായ നയം. ഇതിലും നമ്മൾ കുറേ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങൾ

ഉൾപ്പെടെ എല്ലാ ജനവിഭാഗങ്ങൾക്കും സർക്കാർ മേഖലയിൽ പ്രാതിനിധ്യം ഉറപ്പാക്കാനും നിയമനം സ്വകാര്യമാക്കുന്നതിനുമാണ് ഇങ്ങനെയുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത്. 2016 മേയ് മാസത്തിന് ശേഷം ഇതുപോലെ പതിമൂന്ന് സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. പുതിയ സ്ഥാപനങ്ങളിലെ നിയമനത്തിന് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കേണ്ടതുണ്ട്. അങ്ങനെ റൂൾസ് ഉണ്ടാക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് മേധാവികൾക്കും സമിതി നിർദേശം നൽകിയിട്ടുണ്ട്. പി.എസ്.സി.-ക്ക് വിട്ട ഏഴ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിനായി സ്പെഷ്യൽ റൂൾസ് 2016 മേയ് മാസത്തിനുശേഷം സ്വീകരിച്ചിട്ടുണ്ട്. ഇവിടെ അങ്ങ് പറഞ്ഞ കുറച്ച് കാര്യങ്ങൾ..... Kerala Medical Services Corporation-ൽ (KMSCL) നടന്നിട്ടുള്ള അഴിമതിയെ സംബന്ധിച്ച് അപ്പോയ്മെന്റിനെ സംബന്ധിച്ച് നേരത്തെ വിശദമായി നമ്മൾ ചർച്ച ചെയ്തിട്ടുണ്ട്. ആ കാലത്തിന്റെ അനുഭവം നമുക്കറിയാം. യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായിരുന്ന ചില തെറ്റായ പ്രവണതകൾ മാറ്റി മാനദണ്ഡങ്ങൾ പ്രകാരം പ്രത്യേക പരിശോധന നടത്തി നടപടികൾ ഒന്നും രണ്ടും പിണറായി

സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യവകുപ്പിലെ NHM (National Health Mission) നിയമനങ്ങൾ എല്ലാം സാധാരണ ഗതിയിൽ NHM-ന്റെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിന്റെ പ്രൊവിഷൻ അനുസരിച്ചാണ്. കേരളത്തിൽ പി.എസ്.സി. വഴി ഏറ്റവും കൂടുതൽ അപ്പോയ്മെന്റ് നടക്കുന്നുയെന്ന് മാത്രമല്ല പൊതുവായ ജീവിത സാഹചര്യങ്ങൾ ... അങ്ങ് പറഞ്ഞതെന്താണ് കേരളത്തിൽ സർക്കാർ ജീവനക്കാരുടെ ജീവിതം അങ്ങേയറ്റം അധോഗതിയാണെന്നല്ലേ? ഇന്ത്യയിൽ സർക്കാർ ജീവനക്കാർക്ക് ഏറ്റവും കൃത്യമായി കാര്യങ്ങൾ കൊടുക്കുന്ന സംസ്ഥാനം കേരളമാണ്. ഇക്കാര്യം കേരളത്തിന് പുറത്തുപോകുമ്പോഴെങ്കിലും അഭിമാനത്തോടെ പറയുവാൻ തയ്യാറാകണം. ഇന്ത്യയിൽ പത്ത് ലക്ഷത്തോളം വേക്കൻസികളുണ്ട്. ആളെ എടുക്കുന്നില്ലെന്നു മാത്രമല്ല കേന്ദ്ര സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ മേഖലയായ പട്ടാളത്തിൽ ആളുകളെ കരാർ അടിസ്ഥാനത്തിൽ എടുത്തതിനല്ലേ വലിയ തോതിൽ പ്രക്ഷോഭം ഉണ്ടായത്, അതിപ്പോഴും തുടരുകയല്ലേ. സംവരണത്തിന്റെ കാര്യത്തിൽ അങ്ങയുടെ പാർട്ടി കേന്ദ്രത്തിൽ അധികാരത്തിൽ ഇരിക്കുമ്പോൾ എടുത്ത നടപടികളുടെ കൂടെ തുടർച്ചയായിട്ടല്ലേ

സംവരണം ഏറ്റവും കൂടുതൽ അട്ടിമറിക്കപ്പെട്ടത്. കേരളത്തിൽ എല്ലാ വർഷവും പ്രത്യേകിച്ച് പോലീസിൽ ഓരോ വർഷവും ലിസ്റ്റ് വരികയെന്നുള്ള സമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളത്, അതാണ് പൊതുനയം. ആ ലിസ്റ്റിനകത്തുള്ള ആളുകളെ മുഴുവൻ എടുത്തില്ലെന്ന് പറഞ്ഞ് സമരങ്ങൾ നേരത്തെ നടത്തിയല്ലോ. എത്ര വേക്കൻസികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ആറായിരത്തിലധികം വേക്കൻസികളാണെന്നാണ് എന്റെ ഓർമ്മ, അത്രയും വേക്കൻസികൾ പോലീസിൽ മാത്രം സൃഷ്ടിച്ചിട്ടുണ്ട്. പോലീസിനകത്ത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ പാവപ്പെട്ട പോലീസ് ഉദ്യാഗാർത്ഥികളെ ഉപയോഗിച്ചുകൊണ്ട് നിങ്ങൾ നടത്തിയ സമരമുണ്ടല്ലോ, വലിയ സമരമായിരുന്നല്ലോ, ആത്മാർത്ഥതയുടെ കണികയെങ്കിലും അത്തരം കാര്യങ്ങളിലുണ്ടോ. ഇവിടെ നിയമന നിരോധനം നടപ്പിലാക്കുമെന്നും ഡി.എ.-യും ഒരു ആനുകൂല്യവും കൊടുക്കില്ലെന്നും ഒന്നു രണ്ട് വർഷക്കാലത്തേയ്ക്ക് മിനിമം സബ്സ്റ്റിറ്റൻസ് മാത്രമേ കൊടുക്കുകയുള്ളൂയെന്നും പറഞ്ഞ ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിന്റെ കാലമുണ്ട്. ഞങ്ങൾ അക്കാലത്തെ

നേതാക്കന്മാരെയൊന്നും താരതമ്യം ചെയ്യാൻ ഈ അവസരം ഉപയോഗിക്കുന്നതല്ല. കേരളത്തിലാകെ എല്ലാ ആനുകൂല്യങ്ങളും നിർത്താൻ തീരുമാനിച്ചിരുന്നില്ലേ? എന്താണ് സർക്കാർ ഉദ്യോഗസ്ഥന്മാരുടെ സ്ഥിതി. ഞാനൊരു comparison പറയാം. 2006-ൽ അഡീഷണൽ സെക്രട്ടറിയുടെ സ്കെയിൽ 25,600 രൂപയായിരുന്നു. എന്നാൽ കഴിഞ്ഞ ശമ്പള പരിഷ്കരണം വരുമ്പോൾ പതിനഞ്ചു വർഷംകൊണ്ട് ഒന്നേകാൽ ലക്ഷത്തിനുമേലെ ആയിട്ടുണ്ട്. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും അങ്ങനെയില്ല. കാരണം ശമ്പള പരിഷ്കരണം നടപ്പിലാക്കിയ ആകെ രണ്ടോ മൂന്നോ സംസ്ഥാനങ്ങളെയുള്ളൂ കഴിഞ്ഞ അഞ്ച് എട്ട് വർഷത്തിനിടയിൽ. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ടോ? ഇപ്പോൾ അവർ ശമ്പള കമ്മീഷനെ പറ്റി ആലോചിക്കുന്നുണ്ടോ, മറ്റു സംസ്ഥാനങ്ങൾ ആലോചിക്കുന്നുണ്ടോ. മണിപ്പൂർ അതുപോലെ വേറെ ഒന്ന് രണ്ട് സംസ്ഥാനങ്ങൾ അനൗൺസ് ചെയ്തില്ലേ ഇനി മുതൽ ഞങ്ങൾ പി.എസ്.സി. വഴി അപ്പോയ്മെന്റ് നടത്തുന്നില്ലയെന്ന്. ഞാനിവിടെ പറഞ്ഞ comparison ഇന്ത്യയിലെ മുഴുവൻ തൊഴിൽ മേഖലയിലുമുള്ള comparison ആണ്. അതുമാത്രമല്ല സംവരണത്തിനകത്ത്

ഇപ്പോൾ Ministry of Personnel, Public Grievances and Pensions മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം ഗ്രൂപ്പ് എ വിഭാഗത്തിൽ 23,584 ഒഴിവുകളും ഗ്രൂപ്പ് ബി വിഭാഗത്തിൽ 1,18,807 ഒഴിവുകളും ഗ്രൂപ്പ് സി വിഭാഗത്തിൽ 8,36,936 ഉം ഒഴിവുകളുണ്ട്. ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതും ഏറ്റവും കൂടുതൽ വേക്കൻസികളും ഉള്ളത് ഗ്രൂപ്പ് സി-യിലാണ്. ഇന്ത്യൻ റെയിൽവേയിൽ 2,93,943 തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. പ്രതിരോധ വകുപ്പിൽ ആകെയുള്ള മൂന്നിലൊന്ന് വേക്കൻസികളിൽ 2,64,707 എണ്ണം ഒഴിഞ്ഞ് കിടക്കുകയാണ്. കേന്ദ്ര സർവ്വീസിൽ ആഭ്യന്തര വകുപ്പിൽ 1,43,536 ഓളം വേക്കൻസികൾ ഒഴിഞ്ഞു കിടക്കുകയാണ്. പാർലമെന്റ് കണക്കുകളാണ് ഞാൻ പറയുന്നത്. ഇന്ത്യയിലെ മൊത്തം സ്വകാര്യവൽക്കരണം ഇവിടെ പറയുമ്പോൾ ഇന്ത്യയുടെ മൊത്തം ചിത്രം ഉൾപ്പെടെ അങ്ങയെപോലെയുള്ള ആളുകൾ പറയണ്ടേ? ഇന്ത്യയിൽ SBT - SBI ലയനത്തിന്റെ ഭാഗമായി 11,208 ശാഖകൾ പൂട്ടിയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 30,000 ഒഴിവുകളാണ് ഇതിന്റെ ഭാഗമായി ഒഴിഞ്ഞുകിടക്കുന്നത്. ഇങ്ങനെ ഓരോ മേഖലയിലും സ്വകാര്യവൽക്കരണം

വന്നതിന്റെ ഭാഗമായി സാമൂഹ്യനീതി, സംവരണം ഒന്നും ഇല്ലാതായതിന്റെ പ്രശ്നം ഇന്ത്യയിലാകെ നിൽക്കുകയാണ്. ആ സാഹചര്യത്തിലാണ് ഇന്ത്യയിലാകെ നടക്കുന്ന അപ്പോയ്മെന്റിന്റെ മൂന്നിൽ രണ്ട് ഭാഗങ്ങളും നമ്മൾ നടത്തിയിട്ടുള്ളത്. നമുക്ക് എങ്ങനെ കൊണ്ടുപോകാൻ കഴിയുമെന്നറിയില്ല. കേന്ദ്രം ഒരുവശത്തുകൂടി അങ്ങേയറ്റം സാമ്പത്തികമായി നമ്മളെ ബുദ്ധിമുട്ടിക്കുവാൻ ശ്രമിക്കുകയാണ്. അതുകൊണ്ടാണ് അഞ്ച് സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാർ പങ്കെടുക്കുന്ന കോൺക്ലേവ് കേരളത്തിൽ നടത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഉദ്ഘാടനം ചെയ്തത്. അക്കാര്യത്തിൽ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും സജീവമായി സഹകരിച്ചു. ഇന്ത്യയുടെ സാമ്പത്തിക സ്ഥിതിയിൽ കേരളം പോലുള്ള സംസ്ഥാനങ്ങളോട് കാണിക്കുന്ന തെറ്റായ നയങ്ങൾക്കെതിരെ പറയുകയും സംസാരിക്കുകയും ചെയ്തു. ഈ നിലപാട് അവർ നടത്തുമ്പോൾ തന്നെ ഈ സ്ഥിതി ഇന്ത്യയിൽ തുടരുന്നുയെന്നത് ചെറിയൊരു കാര്യമല്ല. ഞാൻ മറ്റ് സംസ്ഥാനങ്ങളുടെ കണക്കുകൾ അവരെ മോശപ്പെടുത്തുവാൻ വേണ്ടി പറഞ്ഞതല്ല. മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇവിടേക്ക് ആളുകൾ വരുന്നുണ്ട്. ആ

സംസ്ഥാനങ്ങളിൽ തൊഴിലില്ലായ്മ കേരളത്തിന്റെ അത്രയുമില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കാരണം ഇവിടെ വന്ന് ജോലി ലഭിക്കുമ്പോൾ അതുകൂടി അവിടത്തെ കണക്കിൽ വരുന്നുണ്ടാവും. പതിനഞ്ച് മുതൽ ഇരുപത്തി ഒമ്പതുവയസ്സുവരെ പ്രായപരിധിയിലുള്ള എഴുപതുശതമാനം കുട്ടികളും ചെറുപ്പക്കാരും വിദ്യാഭ്യാസം ചെയ്യുന്നവരാണെന്ന കാര്യം കേരളത്തിന് പോസിറ്റീവായി വരുമ്പോൾ ഇത്തരം കണക്കുകൾ ശരിയല്ല. കെ.എസ്.ആർ.ടി.സി.-യുടെ കാര്യം പറഞ്ഞു. കെ.എസ്.ആർ.ടി.സി.-യിൽ ആളുകൾ ശമ്പളവും പെൻഷനും കിട്ടാതെ ആത്മഹത്യ ചെയ്തത് ആരുടെ കാലത്താണ്; കെ.എസ്.ആർ.ടി.സി.-യിൽ ഒരു മാസം 70 കോടിയിൽ അധികം രൂപ പെൻഷനുവേണ്ടി മാത്രം സംസ്ഥാന ഗവൺമെന്റ് ചെലവഴിക്കുന്നുണ്ട്. ശമ്പളമായി ആകെ നൽകുന്ന 80 കോടിയിൽ 50 കോടിയും സംസ്ഥാന സർക്കാർ നൽകുകയാണ്. കുറച്ച് കഴിയുമ്പോൾ കെ.എസ്.ആർ.ടി.സി. മെച്ചപ്പെടുമെന്നാണ് കണക്കുകൂട്ടുന്നത്. നമ്മുടെ നാട്ടിലെ employment സംബന്ധിച്ച് 2024-ലെ India Skill Report-ൽ കണക്ക് വന്നിട്ടുണ്ട്. ഇന്ത്യയിലെ പ്രൊഫഷണൽ ആയ ചെറുപ്പക്കാരുടെ ഇടയിൽ

നടത്തിയ സർവെയിൽ ഇന്ത്യയിൽ ഏറ്റവും മെച്ചപ്പെട്ട തൊഴിൽ സാഹചര്യമുള്ള ഒന്നാമത്തെ നഗരം തിരുവനന്തപുരവും രണ്ടാമത്തെ നഗരം കൊച്ചിയുമാണെന്നാണ് പറയുന്നത്. ഈ റിപ്പോർട്ടുകളൊക്കെയുള്ളപ്പോൾ ചില കാര്യങ്ങൾ പറഞ്ഞ് തെറ്റിദ്ധരിപ്പിക്കുന്ന സമീപനം ശരിയല്ല. നമ്മുടെ അടിസ്ഥാന വിഭാഗത്തിന് തൊഴിൽ ലഭിക്കുന്ന പരമ്പരാഗത മേഖലയിലുൾപ്പെടുന്ന കയർ, കശുവണ്ടി, കൈത്തറി മേഖലകളിൽ പ്രത്യേക സ്കീമുകൾ നടപ്പാക്കിയിട്ടുണ്ട്. മൂന്ന് ലക്ഷത്തിലധികം ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾ കേരളത്തിൽ വന്നിട്ടുണ്ടെന്നതും ആറ് ലക്ഷത്തിലധികം ആളുകൾക്ക് അവിടെ തൊഴിൽ ലഭിച്ചുവെന്നതും അംഗീകരിക്കാതിരിക്കാൻ സാധിക്കുമോ? സർക്കാർ മേഖലയിൽ ജോലി എല്ലാവർക്കും ലഭിക്കുകയെന്നത് പ്രയോഗികമല്ലെന്ന് ഭരണപ്രതിപക്ഷാംഗങ്ങൾക്കെല്ലാം അറിയാം. 6000-ൽ അധികം സ്റ്റാർട്ടപ്പുകൾ നമ്മുടെ നാട്ടിൽ വന്നത് അഭിമാനത്തോടെ പറയുകയാണ്. നമ്മുടെ നാട്ടിലെ two tier cities എന്ന് പറയുന്ന മഞ്ചേരി, സുൽത്താൻബത്തേരി, ആലപ്പുഴ, ചാലക്കുടി, എന്നിങ്ങനെ ഓരോ സ്ഥലത്തും സ്റ്റാർട്ടപ്പുകൾ വന്നിട്ടുണ്ട്. എന്റെ മണ്ഡലമായ കൊട്ടാരക്കരയിലും **zoho** എന്ന്

പറയുന്ന ഇന്റർനാഷണൽ കമ്പനി അവരുടെ ക്യാമ്പസ് തുടങ്ങിയിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്റ്റാർട്ടപ്പുകൾ തുടങ്ങിയതിൽ കേരളത്തിന് ഒന്നാം സ്ഥാനമുണ്ട്. സ്റ്റാർട്ടപ്പുകളും ഐ.ടി. പാർക്കുകളും കുണ്ടറയിൽ ഇല്ലേ? ഓരോ സ്ഥലത്തും ഐ.ടി. പാർക്കും പുതിയ സ്ഥാപനങ്ങളും വരുന്നതിനുള്ള പ്രവർത്തനം നടത്തുകയാണ്. അങ്ങനെ **വ്യവസ്ഥാപിതമായ സ്ഥാപനങ്ങളും** പി.എസ്.സി.-യും അതിനപ്പുറം ജോലി ലഭ്യമാക്കുന്ന നോളജ് എക്കോണമി മിഷന്റെ ഭാഗമായിട്ടും കേരളത്തിൽ ധാരാളം തൊഴിലവസരങ്ങളുണ്ട്. ഓരോ മേഖലയിലും എടുത്തിട്ടുള്ള കണക്കുകൾ ഈ മേഖലയിൽ വലിയ കുതിച്ചു ചാട്ടമുണ്ടെന്നാണ് കാണിക്കുന്നത്. പരമ്പരാഗത സമ്പ്രദായത്തിന് പുറത്ത് ലക്ഷക്കണക്കിന് തൊഴിലുകളുണ്ട്. ഇവിടെ പോലീസ് റിക്രൂട്ട്മെന്റിനെക്കുറിച്ച് പറഞ്ഞു, ഇന്ത്യയിൽ കേരളമാണ് ഏറ്റവും കൂടുതൽ പോലീസിനെ റിക്രൂട്ട് ചെയ്യുന്ന സംസ്ഥാനമെന്നത് അംഗീകരിക്കണം. പി.എസ്.സി. ലിസ്റ്റിൽ ഇനിയും ആളുകളുണ്ട്. വേക്കൻസി അനുസരിച്ചാണ് നിയമിക്കുന്നത്. പോലീസ് വകുപ്പിലും ആരോഗ്യ വകുപ്പിലുമാണ് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്. ആരോഗ്യ വകുപ്പിൽ 30000-ൽ അധികം തസ്തികകൾ സൃഷ്ടിച്ചു.

മറ്റ് സംസ്ഥാനങ്ങളിൽ പ്രത്യേകം പ്രത്യേകം റിക്രൂട്ട്മെന്റ് ബോർഡാണ്, അതുകൊണ്ടാണ് കണക്കിൽ വരാത്തതെന്നാണ് അങ്ങ് പറഞ്ഞത്. ഇന്ത്യയിലെ ഓരോ സംസ്ഥാനത്തെയും ആകെ പൊതുമേഖലയിലെയും സർക്കാർ മേഖലയിലെയും നിയമനങ്ങളുടെ കണക്കുകൾ അവരുടെ ഡോക്യുമെന്റുകളിൽനിന്നും all india report-ൽനിന്നും ലഭിക്കും. കഴിഞ്ഞ മാസം സർക്കാർ ജീവനക്കാരും പൊതുബാധ്യതയും സംസ്ഥാനത്ത് വളരെ കൂടുതലാണെന്ന് പഞ്ചാബിലെ ധനകാര്യമന്ത്രി പറഞ്ഞപ്പോൾ ആകെ ജീവനക്കാർ എത്രയാണെന്ന് ഞാൻ ചോദിച്ചു മൂന്നേകാൽ ലക്ഷമെന്നാണ് മറുപടി നൽകിയത്. നമുക്ക് അഞ്ചര ലക്ഷം വരെയാണ്. ഓരോ സംസ്ഥാനത്തിന്റെയും കണക്കുകൾ നോക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ആളുകൾക്ക് ജോലി നൽകുന്നത് നമ്മുടെ സംസ്ഥാനമാണ്. പി.എസ്.സി.ലിസ്റ്റിലുള്ള ഒരു ഒറ്റ വേക്കൻസിയും ഒഴിവാക്കാതെ മുഴുവൻ ആളുകൾക്കും ജോലി നൽകിയിട്ടുണ്ട്. ഞാൻ ഈ പറഞ്ഞ വ്യവസ്ഥാപിതമായ ഗവൺമെന്റ് സംവിധാനം സ്കൂൾ അധ്യാപകരുടെ എത്ര വേക്കൻസിയാണ് സൃഷ്ടിക്കുന്നതും നൽകുന്നതും; ഇങ്ങനെയെല്ലാം

ചെയ്യുന്ന സംസ്ഥാനത്ത് രാഷ്ട്രീയമായി ഒറ്റപ്പെടുത്താനും കുറ്റപ്പെടുത്താനും പറയുന്ന ഒരു സമീപനമല്ലാതെ എന്തെങ്കിലും ആത്മാർത്ഥമായി ഡാറ്റാ വച്ച് പറയുവാൻ നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഇത് അവതരിപ്പിച്ച അവതാരകനും പ്രതിപക്ഷത്തെ മറ്റുള്ളവർക്കും സാധിക്കുന്നില്ല. വാസ്തവത്തിൽ പി.എസ്.സി. വഴി ഏറ്റവും കൂടുതൽ നിയമനങ്ങൾ നടത്തുന്നതിലും ബാക്കിയെല്ലാ കാര്യങ്ങളിലും ഇന്ത്യയിൽ മുന്നിൽനിൽക്കുന്ന സംസ്ഥാനമെന്ന നിലയിൽ സംസ്ഥാനത്തിന്റെ നേട്ടങ്ങൾകൂടി പ്രതിപക്ഷം പറയണം. പോരായ്മകൾ പറയാം അത് പ്രതിപക്ഷത്തിന്റെ ചുമതലയാണ്. പക്ഷെ നേട്ടങ്ങൾകൂടി പറഞ്ഞില്ലെങ്കിൽ എന്തെങ്കിലും വിശ്വാസ്യത വരുമോ? അപ്പോൾ അതുകൊണ്ട് ഇന്ന് വാസ്തവത്തിൽ ഇങ്ങനെ ഒരു വിഷയം ചർച്ച ചെയ്യാനായി അടിയന്തര പ്രമേയം ഉന്നയിക്കേണ്ട കാര്യമുണ്ടായിരുന്നില്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഈ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി മുന്നോട്ടുവച്ച കാര്യങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല. നിലവിലെ സ്ഥിതി കൂടുതൽ മെച്ചപ്പെടുത്താൻ വേണ്ടിയുള്ള കാര്യങ്ങൾ ചെയ്ത് മുമ്പോട്ട് പോകുന്നതുകൊണ്ട് വലിയ

മുന്നേറ്റമുണ്ടാക്കാൻ സാധിക്കുന്നതാണെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗത്തിൽ പറഞ്ഞത് കഴിഞ്ഞ മൂന്ന് ദിവസവും നാട്ടുകാർക്ക് ആവശ്യമില്ലാത്ത കാര്യങ്ങളും പൊതുജനത്തിന് താത്പര്യമില്ലാത്ത കാര്യങ്ങളുമാണ് പ്രതിപക്ഷം കൊണ്ടുവന്നതെന്നാണ്. ഇന്ന് ഒരു പൊതുവായ കാര്യം കൊണ്ടുവന്നുവെന്നുമാണ്. ഞങ്ങൾ മൂന്ന് ദിവസം നാട്ടുകാർക്കും പൊതുജനങ്ങൾക്കും താൽപര്യമില്ലാത്ത വിഷയങ്ങൾ കൊണ്ടുവന്നപ്പോൾ എന്തിനാണ് രണ്ട് മണിക്കൂർ ചർച്ച നടത്തിയത്. നാട്ടുകാർക്ക് ആവശ്യമുള്ള കാര്യങ്ങൾ കൊണ്ടുവന്നപ്പോൾ ചർച്ചയില്ല അങ്ങ് തന്നെ ഗവൺമെന്റിന്റെ നിലപാടിനെ പരിഹാസ്യമാക്കിയെന്നാണ് ഞാൻ പറയുന്നത്. രണ്ടാമത് പറഞ്ഞത് ജാർഖണ്ഡിൽനിന്നും അസമിൽനിന്നും

ഇരുപത് ലക്ഷത്തോളം തൊഴിലാളികള്‍ കേരളത്തിലേക്ക് വരികയാണെന്നാണ്. അദ്ദേഹം ബംഗാള്‍ ഒഴിവാക്കി. കേരളം തൊഴിലിന്റെ പറുദീസയാണെന്നും മിനി ഗള്‍ഫാണ് കേരളമെന്നും ഇവിടുത്തെ സാമ്പത്തിക നില ഭദ്രമാണെന്നും ഇവിടുത്തെ തൊഴില്‍ മേഖല ഭദ്രമാണെന്നും പറയുന്നത് ആരാണ്? കേരളത്തിന്റെ സാമ്പത്തിക നില ഭദ്രമാണെന്ന് കേരളത്തിന്റെ ധനകാര്യമന്ത്രി പറയുകയാണ്. കേരളത്തിന്റെ സാമ്പത്തിക നില ഭദ്രമാണെന്ന് പറഞ്ഞാല്‍ നിങ്ങളുടെ കൂടെ ഇരിക്കുന്ന മന്ത്രിമാര്‍ പുറത്തുകാണിച്ചില്ലെങ്കിലും ഉള്ളിലെങ്കിലും നിങ്ങളെ ഓര്‍ത്ത് പരിഹസിക്കും. അഞ്ച് ലക്ഷം രൂപയ്ക്ക് മീതെയുള്ള ചെക്ക് മാറില്ല അപ്പോള്‍ നമ്മള്‍ വിചാരിക്കും അഞ്ച് ലക്ഷത്തിന്റെ താഴെയുള്ള ചെക്ക് മാറുമെന്ന്, അങ്ങനെയല്ല ചെക്ക് വാങ്ങിയിട്ട് പിന്നീട് നല്‍കാമെന്ന് പറയും. പഞ്ചായത്തില്‍ പുല്ല് വെട്ടിയാല്‍ നല്‍കാന്‍ കാശില്ലെങ്കിലും പറയുന്നത് കേരളത്തിന്റെ സാമ്പത്തിക നില ഭദ്രമാണെന്നാണ്. സാമ്പത്തിക നില ഭദ്രമാണെങ്കില്‍ ഈ മന്ത്രിമാരെല്ലാം അവരവരുടെ ഡിപ്പാര്‍ട്ടുമെന്റില്‍ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി നല്‍കിയിട്ടുണ്ടല്ലോ? ആരോഗ്യമന്ത്രി ഇരിക്കുന്നുണ്ട്, അവര്‍ എല്ലാ ജില്ലകളിലെയും ജില്ലാ

ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും പോകുന്നതാണ്. ഒരു കെട്ട് നിവേദനങ്ങൾ അവരുടെ കൈയിലുണ്ട്. കാരണം ആയിരം മുതൽ രണ്ടായിരം വരെ ആളുകൾ വരുന്ന ആശുപത്രികളിൽ ആവശ്യത്തിനുള്ള സ്റ്റാഫ് ഇല്ല. ഡി.എം.ഒ.-യിലും ഡി.എച്ച്.എസ്.-ലും സ്റ്റാഫ് പാറ്റേൺ അനുവദിക്കണമെന്നും തസ്തിക സൃഷ്ടിക്കണമെന്നുമുള്ള ആരോഗ്യവകുപ്പിൽനിന്നുള്ള ശിപാർശ ധനകാര്യ വകുപ്പിൽ ഇരിക്കുകയാണ്. പത്ത് നിലയും പതിനൊന്ന് നിലയും ഉള്ള കെട്ടിടങ്ങളിൽ കുട്ടികൾ ലിഫ്റ്റിൽ കളിക്കുകയാണെന്ന് രാവിലെ വിദ്യാഭ്യാസ മന്ത്രി പറഞ്ഞു. കെട്ടിടമുണ്ടായാലും ലിഫ്റ്റിൽ കളിച്ചാലും മതിയോ അധ്യാപകർ വേണ്ടേ; അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. നിങ്ങൾ മന:പൂർവ്വമായി staff fixation വൈകിപ്പിച്ചു. differently abled ആയ ആളുകളുടെ കേസ് സുപ്രീംകോടതി വിധി വന്നിട്ടുപോലും ആ വിധിയുടെ പേര് പറഞ്ഞ് വീണ്ടും വൈകിപ്പിച്ചു. സംസ്ഥാനത്തെ സ്കൂളുകളിൽ അധ്യാപകരില്ല. വേക്കൻസികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. staff fixation കൃത്യമായി നടത്തി അധ്യാപകരെ നൽകുന്നില്ല. ആശുപത്രികളിൽ രോഗികളുണ്ട് അവരെ ചികത്സിക്കാനുള്ള സ്റ്റാഫ് പല സ്ഥലത്തുമില്ല. റിപ്പോർട്ട് ചെയ്ത വേക്കൻസി

പോലും നൽകുന്നില്ല. വേക്കൻസികൾ റിപ്പോർട്ട് ചെയ്യരുതെന്ന് വാക്കാൽ നിർദേശം നൽകിയിരിക്കുന്നു. അങ്ങയുടെ വകുപ്പായ ധനകാര്യ വകുപ്പിൽ 27 പേർ റിട്ടയർ ചെയ്തു. അതിൽ 10 പേരുടെ വേക്കൻസിയാണ് റിപ്പോർട്ട് ചെയ്തത്. ബാക്കി 17 പേരുടെ വേക്കൻസി ഒഴിവാക്കി. ധനകാര്യ വകുപ്പിൽതന്നെ വേക്കൻസി റിപ്പോർട്ട് ചെയ്യുന്നില്ല. അന്വേഷിച്ച് നോക്കുക, അതിന്റെ ഡോക്യുമെന്റ് എന്റെ കൈവശമുണ്ട്. വേണ്ട വിധത്തിൽ ഒരു കാര്യവും ചെയ്യുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥിതി വിഭിന്നമല്ല. പല പഞ്ചായത്ത് പ്രസിഡന്റുമാരും മുനിസിപ്പൽ ചെയർമാൻമാരും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെ കാണാൻ വരികയാണ് പഞ്ചായത്തുകളിൽ ജോലി ചെയ്യാനുള്ള ആളില്ല, വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നില്ല, തസ്തികകൾ സൃഷ്ടിക്കുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെ കാണാൻ വരുന്നവർ സി.പി.ഐ.(എം)-ന്റെ പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടെ എന്നെകൂടി കണ്ടിട്ടാണ് പോകുന്നത്. പല പഞ്ചായത്തുകളിലും സെക്രട്ടറിമാരോ എഞ്ചിനിയർമാരോ ഇല്ല. ഈ ജോലി ചെയ്ത് മുന്നോട്ട് പോകണ്ടേ.

പോലീസ് വകുപ്പിൽ ജോലി സമ്മർദ്ദം മൂലം 87 പോലീസുകാർ ആത്മഹത്യ ചെയ്തകാര്യം ഞങ്ങൾ ഈ നിയമസഭയിൽ അവതരിപ്പിച്ചിരുന്നു. ജോലി സമ്മർദ്ദം കുറയ്ക്കുമെന്നും മുഴുവൻ വേക്കൻസികളും റിപ്പോർട്ട് ചെയ്യുമെന്നും പുതിയ തസ്തികകൾ സൃഷ്ടിക്കുമെന്നും വനിതാ പോലീസുകാരെ നിയമിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നു. ചെയ്തോ? ഇന്ന് അവതരിപ്പിച്ച പ്രമേയത്തിൽ സിവിൽ പോലീസ് ഓഫീസർ-ന്റെ റാങ്ക് ലിസ്റ്റ് വന്നിട്ട് ഏഴ് മാസമായി എന്ന് പറയുന്നുണ്ട്. പ്രസ്തുത പി.എസ്.സി. ലിസ്റ്റിലെ ആദ്യത്തെ റാങ്കുകാരനുപോലും നിയമനം നൽകിയിട്ടില്ലെങ്കിലും അടുത്ത ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമം ആരംഭിച്ചിരിക്കുകയാണ്. പ്രിലിമിനറി, ഫൈനൽ, ഫിസിക്കൽ, ഇന്റർവ്യൂ എന്നിങ്ങനെ ഏറെ കടമ്പകൾ കടന്നിട്ടാണ് പി.എസ്.സി. ലിസ്റ്റിൽ പേര് വരുന്നത്. എത്രയോ പ്രതീക്ഷയോടെ നടപടിക്രമം മുഴുവൻ കഴിഞ്ഞ് ആ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ജോലി കിട്ടുമെന്ന് പറഞ്ഞു നിൽക്കുന്ന ആദ്യത്തെ റാങ്കുകാരന് ജോലി നൽകാൻ സാധിച്ചില്ലെങ്കിൽ പിന്നെ എന്ത് തൊഴിലാണ് നിങ്ങൾ നൽകുന്നത്? കുട്ടികൾ സമരം ചെയ്തപ്പോൾ അതിനെ പരിഹസിക്കുകയാണോ? മുമ്പ് പി.എസ്.സി.

വലിയ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിരുന്നത്. അന്ന് സമരം ചെയ്തപ്പോൾ വലിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ് പ്രശ്നമെന്നും അതിലുൾപ്പെടുന്ന എല്ലാവർക്കും ജോലി നൽകാൻ സാധിക്കുകയില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. പിന്നീട് നിങ്ങൾ ലിസ്റ്റ് ചെറുതാക്കി, ആദ്യം പകുതിയും പിന്നീട് നാലിലൊന്നും അതിനുശേഷം പത്തിലൊന്നുമാക്കി റാങ്ക് ലിസ്റ്റ് കുറച്ചു. എന്നിട്ടും ഈ ലിസ്റ്റിലുൾപ്പെട്ട ഒരാൾക്കുപോലും നിയമനം നൽകാൻ സാധിക്കാത്തതിനെ എങ്ങനെയാണ് ന്യായീകരിക്കുന്നത്? തമിഴ്നാട്ടിലെയും ജാർഖണ്ഡിലെയും അസമിലെയും കാര്യങ്ങളും അവസാനം പഞ്ചാബിലെ കാര്യങ്ങളും പറഞ്ഞു. പഞ്ചാബ് ഒരു കാർഷിക സംസ്ഥാനമാണ്, അവിടെയുള്ള മഹാഭൂരിപക്ഷം ആളുകളും കൃഷി ചെയ്ത് ജീവിക്കുന്നവരാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ധാന്യ ഉൽപാദനം നടത്തുന്ന ഇന്ത്യയിലെ നമ്പർ വൺ കാർഷിക സംസ്ഥാനമാണ് പഞ്ചാബ്. അവിടെയുള്ളവർ കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരാണ്, ഏക്കർ കണക്കിന് കൃഷി ഭൂമിയിൽ അധ്വാനിച്ച് ജീവിക്കുന്നവരാണ്. ഇവിടെ ആളുകൾക്ക് അതിനുള്ള നിവൃത്തിയുണ്ടോ, ഇവിടെ എല്ലാ സെക്ടറുകളിൽനിന്നും ആളുകൾ

പോകുകയല്ലേ? കാർഷിക മേഖലയിൽനിന്നും ആളുകൾ പിന്മാറുന്നു. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഇവിടെയിരിക്കുന്നുണ്ട്, അദ്ദേഹത്തിന് കാര്യങ്ങൾ അറിയാമല്ലോ? അദ്ദേഹത്തെപ്പോലെ വളരെ കുറച്ചാളുകൾ മാത്രമാണ് കാർഷിക മേഖലയിൽ നിൽക്കുന്നത്. പബ്ലിക് സെക്ടറെടുത്താൽ ഞങ്ങളുടെ ഗവൺമെന്റ് ഭരിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം 47000 ആയിരുന്നു, ഇപ്പോൾ അത് 23000 ആണ്. വാട്ടർ അതോറിറ്റിയിലും കെ.എസ്.ഇ.ബി.-യിലും ജീവനക്കാരുടെ എണ്ണം കുറഞ്ഞു. ഞങ്ങളെല്ലാം ട്രേഡ് യൂണിയൻ സെക്ടറുകളിൽ പ്രവർത്തിക്കുന്നവരാണെന്ന് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിക്ക് അറിയാം. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ജീവനക്കാരുടെ എണ്ണം കുറയ്ക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് T.C.C (The Travancore Cochin Chemicals Limited) ആകെ 376 ജീവനക്കാരിൽ 36 പേരെ കുറയ്ക്കുന്നതിന് ഞങ്ങൾ സമ്മതിച്ചു. ഇനിയും 40 പേരെ കുറയ്ക്കണമെന്ന തർക്കത്തിൽ നിൽക്കുകയാണ്. 300 ജീവനക്കാർ മതിയെന്നും 76 ഒഴിവുകൾ പാടില്ലെന്നുമാണ് പറയുന്നത്.

പബ്ലിക്, പ്രൈവറ്റ് സെക്ടറുകളിലായി മുപ്പതോളം കമ്പനികളിൽ ട്രേഡ് യൂണിയൻ ചർച്ചയിൽ പങ്കെടുക്കുന്ന ആളാണ് ഞാൻ. രണ്ട് സെക്ടറിലെയും എല്ലാവരുടെയും ആദ്യ ഡിമാൻഡ് തൊഴിലാളികളുടെ എണ്ണം കുറയ്ക്കണമെന്നതാണ്, അത്രയും തൊഴിലവസരങ്ങൾ നഷ്ടപ്പെടുകയാണ്. നിരവധി ദശാബ്ദക്കാലങ്ങളായി കേരളത്തിലുണ്ടായിരുന്ന തൊഴിലവസരങ്ങൾ പരമാവധി ഇല്ലാതാകുന്ന സ്ഥിതിയിലേക്ക് പോകുകയാണ്. Labour Demand Function എന്ന ഒരു സംവിധാനമുണ്ട്. Labour position എന്താണെന്നും തൊഴിലിന്റെ സ്വഭാവമെന്താണെന്നും അത് മാറിയോയെന്നും നമ്മൾ ഇടയ്ക്ക് പഠിക്കണം. കാലം മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കോവിഡ് കാലം കഴിഞ്ഞു, കോവിഡിനുമുമ്പുണ്ടായിരുന്ന കുറെ തൊഴിലുകൾ കോവിഡിനുശേഷം നമ്മുടെ നാട്ടിലും വിദേശത്തും നഷ്ടപ്പെട്ടു. പല തൊഴിലിന്റെയും സ്വഭാവം മാറി, അപ്പോൾ നമുക്ക് skill development ഉണ്ടാകും. തൊഴിലിന്റെ സ്വഭാവം മാറിയാൽ അതനുസരിച്ച് reskill ചെയ്യും. അങ്ങിനെയൊക്കെയാണ് പല വികസിത രാജ്യങ്ങളിലും ചെയ്യുന്നത്. ഹോൾസെയിൽ ബിസിനസും റീടെയിൽ ബിസിനസും പോയി ഇപ്പോൾ ക്ലൗഡ് ബിസിനസായി. ആളുകൾ

കടകളിൽപ്പോയി സാധനം വാങ്ങുന്നില്ല, നമ്മുടെ വീട്ടുകളിലടക്കം കുട്ടികൾ ക്ലൗഡ് ബിസിനസ് മേഖലയായ ആമസോണിലൂടെ സാധനങ്ങൾ വരുത്തുകയാണ്, സ്വയംതൊഴിൽ കണ്ടെത്തി കടകൾ തുടങ്ങുന്നവർ അത് പൂട്ടുകയാണ്. ഇക്കാര്യം ധനകാര്യ വകുപ്പ് പഠിച്ചിട്ടുണ്ടോ? കേരളത്തിലെ ബിസിനസ് എത്രമാത്രം കുറഞ്ഞിട്ടുണ്ട്, സംസ്ഥാനത്തിന്റെ ജി.എസ്.ടി.-യും കുറഞ്ഞിട്ടില്ലേ? ഹോൾസെയിൽ ബിസിനസ്സും റീടെയിൽ ബിസിനസ്സും കുറഞ്ഞ് ഓൺലൈൻ ബിസിനസ് വരികയാണ്. എത്രയധികം ആളുകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾ നഷ്ടപ്പെട്ടു. ഈ സംരംഭങ്ങളിൽ ജോലി ചെയ്തിരുന്ന എത്രയെത്രയാളുകൾക്ക് അവരുടെ ജോലി നഷ്ടപ്പെട്ടു. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ? ഇതിലൂടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനവും കുറയുകയാണ്, പരിതാപകരമായ സ്ഥിതിയാണ്, തൊഴിലവസരങ്ങൾ പൂർണമായും നഷ്ടപ്പെടുകയാണ്. Labour Demand Function എന്ന സൂചിക പരിശോധിക്കണം, എല്ലാ സെക്ടറുകളിലും അപകടകരമായ ട്രെൻഡാണ്, കാലം മാറുന്നു, നമ്മൾ മാറുന്നില്ല. പണ്ടുമുതൽ ഇന്ത്യയിലെ പബ്ലിക് സർവീസ്

കമ്മീഷനുകളിൽ ഏറ്റവും നന്നായി ഫങ്ഷൻ ചെയ്തിരുന്ന സംസ്ഥാനമാണ് കേരളം. ഞങ്ങളുടെ കാലത്തും നിങ്ങളുടെ കാലത്തും അങ്ങനെയായിരുന്നു. നമുക്ക് ഒരു കൾച്ചറുണ്ട്, അത് നിങ്ങൾ മാത്രം കൊണ്ടുവന്നതല്ല. ഫോഴ്സിലേക്ക് നിയമനങ്ങൾ നടത്തുന്ന മറ്റ് സംസ്ഥാനങ്ങളിലെ റിക്രൂട്ട്മെന്റ് ബോർഡുകളുടെയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡുകളുടെയും കാര്യം ഇവിടെ സൂചിപ്പിച്ചല്ലോ, അതുപറഞ്ഞുകൊണ്ട് നമ്മൾ ഇരുന്നാൽ മതിയോ? എല്ലാം ഭദ്രമാണ് എന്ന നിലപാടാണ് അങ്ങേയ്ക്കുള്ളത്. സാമ്പത്തിക നില ഭദ്രമാണെന്നുപറഞ്ഞാൽ പിന്നെ മറ്റെന്തും ഭദ്രമാണെന്നുപറയാൻ അങ്ങേയ്ക്ക് ഭയങ്കരമായ ധൈര്യമുണ്ടാകും. കാരണം, അങ്ങ് അത് കൈകാര്യം ചെയ്യുന്ന ആളാണ്. സാമ്പത്തിക നില ഭദ്രമാണ്, അതുകേട്ടതോടുകൂടി സത്യംപറഞ്ഞാൽ ഞാൻ തകർന്നുപോയി. കേരളത്തിലെ തൊഴിൽ മേഖലയിൽ എവിടെയാണ് തൊഴിലുള്ളത്? എല്ലാ തൊഴിൽ സാധ്യതകളും മാറുകയാണ്. Labour Economics എന്ന ഒരു സംവിധാനമുണ്ട്. അതൊക്കെ ധനകാര്യവകുപ്പ് പ്രത്യേകമായ പഠനം നടത്തുകയും അതിനുള്ള പരിഹാരങ്ങൾ ഉണ്ടാക്കുകയും വേണം. Labour Market-ൽ എന്ത് സംഭവിക്കുന്നുയെന്ന് നമ്മൾ

അറിയേണ്ടിരിക്കുന്നു. 2016-ൽ മാനിഫെസ്റ്റോ വന്നപ്പോൾ നിങ്ങൾ ഇരുപത്തിയഞ്ച് ലക്ഷം പേർക്ക് തൊഴിൽ നൽകിയെന്നും 2021-ൽ നാൽപ്പത് ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നും പറഞ്ഞു. എന്നിട്ട് എത്ര തൊഴിൽ കൊടുത്തു, ഒരു തൊഴിലും കൊടുത്തിട്ടില്ല. ഇത് Periodic Labour Force Survey ആണ്. സർവെ, സെൻസസ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സ്ട്രാറ്റജി തയ്യാറാക്കുന്നതും പോളിസി ഫ്രെയിം ചെയ്യുന്നതും. അതിനെ തള്ളിപ്പറഞ്ഞിട്ട് കാര്യമില്ല. ആധികാരികമായ സർവെയാണ്. അവർ സർവെയിൽ 15 വയസ്സുമുതൽ 29 വയസ്സുവരെ കണക്കാക്കിയെന്നുപറഞ്ഞാൽ 15 വയസ്സുള്ള സ്കൂൾ വിദ്യാർഥിയായ കുട്ടിയുടെ പേര് അതിലുൾപ്പെടുകയില്ല. വിദ്യാർഥികളെ മാറ്റിനിർത്തിയ സർവെയാണിത്, ഒരു ജോലിയുമില്ലാത്ത ആളുകളുടെ എണ്ണമാണ്. 59 വയസ്സുവരെയുള്ള ആളുകളുടെ ലിസ്റ്റും സർവെയിലുണ്ട്, അതിലും എണ്ണത്തിൽ കേരളം തന്നെയാണ് മുന്നിലുള്ളത്. അതുകൊണ്ട് സർവെയെ തള്ളിപ്പറയേണ്ട. സർവെയിലുള്ള കാര്യങ്ങൾ എന്താണെന്ന് മനസ്സിലാക്കി നടപടികൾ സ്വീകരിക്കാൻ തയ്യാറാകണം. എല്ലാ സെക്ടറുകളിലും നമുക്ക് അവസരങ്ങൾ ഇല്ലാതാകുകയാണ്. ഇൻഡസ്ട്രിയുടെ

കാര്യവും അഗ്രികൾച്ചർ മേഖലയുടെ കാര്യവും ഞാൻ സൂചിപ്പിച്ചു. ട്രെഡീഷണൽ സെക്ടറിലുള്ള കയർ മേഖലയും കശുവണ്ടി മേഖലയും താഴേയ്ക്കുപോയി. കൊല്ലം ജില്ലയിൽനിന്നുമുള്ള ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് അറിയാമല്ലോ, ഇപ്പോൾ കശുവണ്ടിയിടെ സ്ഥിതിയെന്താണ്, തൊഴിൽ മേഖല നഷ്ടപ്പെട്ടില്ലേ? പി.എസ്.സി.-യുടെ കാര്യം മാത്രമല്ല, ഇതെല്ലാംകൂടിയാണ് ഞങ്ങൾ പറഞ്ഞത്. അങ്ങ് കശുവണ്ടി മേഖലയായ കൊല്ലം ജില്ലയെ പ്രതിനിധീകരിക്കുന്ന ആളല്ലേ, അവിടെ തൊഴിൽ കൂടിയോ? ഈ മേഖല എത്ര ശതമാനം താഴേയ്ക്കുപോയി? കൂപ്പുകുത്തുകയാണ് ചെയ്തത്. തൊട്ടടുത്ത ജില്ലയായ ആലപ്പുഴയിൽ കയർ മേഖലയും താഴേയ്ക്കുപോയി. എന്റെ നാട്ടിൽ ചേന്ദമംഗലത്തെയും തിരുവനന്തപുരത്ത് ബാലരാമപുരത്തെയും കൈത്തറി മേഖലയും താഴേയ്ക്കുപോയി. പരമ്പരാഗത മേഖലകളിൽ പ്രവർത്തിച്ചിരുന്നവർക്ക് തൊഴിലില്ലാതെയായി. മോഡേൺ ഇൻഡസ്ട്രിയിലും തൊഴിലവസരങ്ങൾ കുറഞ്ഞു. ഏത് സെക്ടറെടുത്തു പരിശോധിച്ചാലും സ്ഥിതി വ്യത്യസ്തമല്ല. റബ്ബർ മേഖലയിൽനിന്നും കാർഷിക മേഖലയിൽനിന്നും അതുപോലെ ഓരോ മേഖലയിൽനിന്നും എത്രപേർ പിന്മാറി.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഇപ്പോൾ പ്രശ്നം ഇറക്കുമതിയാണ്. നാളികേരം ഇന്തോനേഷ്യയിൽനിന്നും കുരുമുളക് വിയറ്റ്നാമിൽനിന്നും ഇറക്കുമതി ചെയ്യുന്നു. ഇറക്കുമതി നയം കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കുന്നതല്ലേ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇറക്കുമതി നയം തിരുത്തണമെന്ന് പറഞ്ഞാൽ കാർഷിക മേഖല രക്ഷപ്പെടും. ഫുഡ് പ്രോസസിങ് മേഖലയിലെ എല്ലാം ഇറക്കുമതിയിലൂടെയാണ് വരുന്നത്. അവയെല്ലാം നമ്മുടെ കാർഷിക മേഖലയെ തകർക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പട്ട പ്രതിപക്ഷനേതാവ്, അങ്ങയുടെ സമയം ഓർമ്മപ്പെടുത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് ബഹുമാനപ്പട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ഇഷ്ടവിഷയമാണ്. അത് കറക്ടാണ്, അഗ്രികൾച്ചർ ചർച്ച ചെയ്യുമ്പോൾ ഇറക്കുമതി നയം പ്രത്യേകമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഗൗരവമായി നമ്മൾ ഈ വിഷയം ചർച്ച ചെയ്യും.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. പതിമൂന്ന് മിനിറ്റായി.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ നിർത്താം.

മി. സ്പീക്കർ: അങ്ങനെയല്ല, സാധാരണയായി വാക്കൗട്ട് സ്പീച്ചിന് അങ്ങ് സംസാരിക്കുന്ന സമയം കഴിഞ്ഞെന്ന് ഓർമ്മപ്പെടുത്തിയതുമാത്രമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കാം.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം എന്നല്ല,

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് സമയം കളയേണ്ട. ഇതെല്ലാം കേരളത്തെ ബാധിക്കുന്ന വിഷയങ്ങളാണ്. ചർച്ച ചെയ്യേണ്ടെങ്കിൽ ഞാൻ അവസാനിപ്പിക്കാം.

മി. സ്പീക്കർ: സമയം ഓർമ്മപ്പെടുത്തിയതുമാത്രമാണ്, അങ്ങ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, 12 മിനിറ്റാണ്. അങ്ങ് എനിക്ക് മുമ്പുണ്ടായിരുന്ന പ്രതിപക്ഷനേതാക്കന്മാരുടെ, ശ്രീ. വി. എസ്. അച്യുതാനന്ദൻ അടക്കമുള്ളവരുടെ വാക്കൗട്ട് പ്രസംഗത്തിന്റെ സമയം എടുത്തു പരിശോധിക്കണം. 25 മിനിറ്റും 30 മിനിറ്റുമൊക്കെയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കുറഞ്ഞ സമയം വാക്കൗട്ട് പ്രസംഗം നടത്തിയത് ഞാനാണ്. അങ്ങ് ദയവുചെയ്ത് ഇടപെടരുത്.

മി. സ്പീക്കർ: അങ്ങ് അത് പാലിക്കണമെന്നാണ് പറഞ്ഞത്. Keep it up.

ശ്രീ. വി. ഡി. സതീശൻ: സർ, സംസാരിക്കുന്നതിൽ ഒരു ഫ്ലോയുണ്ട്.

മി. സ്പീക്കർ:അതുകൊണ്ടാണ് ഇത്രയും നേരം തടസ്സപ്പെടുത്താതിരുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എന്റെ ഫ്ലോ തടസ്സപ്പെടുത്തിയെന്ന് വളരെ ദുഃഖപൂർവം പറയുകയാണ്. എല്ലാ മേഖലയിൽനിന്നും ആളുകൾ പിന്മാറുകയാണ്. ഇവിടെ എല്ലാ ഡിപ്പാർട്ട്മെന്റിലും പിൻവാതിൽനിയമനമാണ് നടക്കുന്നത്. Centre for Management Development എന്ന സംവിധാനത്തിന് നിയമന അധികാരമില്ലെന്ന് സഭയിൽ ഞങ്ങൾക്ക് ഉത്തരം നൽകിയിട്ടുണ്ട്. എന്നാൽ അവർ പത്രപ്പരസ്യം നൽകി നിയമനം നടത്തുകയാണ്. മുഖ്യമന്ത്രിയുടെ കീഴിലുള്ള ഐ.ടി. വകുപ്പിന്റെ സ്ഥാപനത്തിൽ മാത്രമായി 558 പേരെ താൽക്കാലിക കരാർ നിയമനം നടത്തി, സാമൂഹ്യനീതി വകുപ്പിൽ 874 പേർക്ക് പിൻവാതിൽ നിയമനം നടത്തി. വിവിധ വകുപ്പുകളിലായി ആയിരക്കണക്കിന് ആളുകൾക്ക് പിൻവാതിൽ നിയമനം നൽകിയതിന്റെ കണക്കുകൾ എന്റെ കൈവശമുണ്ട്, സമയക്കുറവുമൂലം പറയുന്നില്ല. ധനകാര്യവകുപ്പിൽ 246 പേരെയും പിൻവാതിൽ നിയമനം നടത്തിയില്ലേ,

ഇവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ നിങ്ങൾ നോക്കുകുത്തി ആക്കിയില്ലേ? പിൻവാതിൽ നിയമനം നടത്തുമ്പോൾ പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കുമുള്ള സംവരണമല്ലേ അട്ടിമറിക്കപ്പെടുന്നത്. സുപ്രീംകോടതിയിൽ ശ്രീ. ഉമാദേവി കേസുവരെ ലംഘിച്ചുകൊണ്ടല്ലേ നിങ്ങൾ പിൻവാതിൽ നിയമനം നടത്തുന്നത്. നിങ്ങൾ ആ നിയമനങ്ങൾ നീട്ടിക്കൊടുക്കുമ്പോൾ പുതിയ വേക്കൻസികളുണ്ടാകില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പിന്നെന്തിനാണ്; നിങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പിരിച്ചുവിട്ട് നിങ്ങൾക്ക് ഇഷ്ടമുള്ള ആളുകളെ പിൻവാതിലൂടെ നിയമിക്കണം. നിരവധി വകുപ്പുകളിൽ പതിനായിരം കണക്കിനുപേരെ നിങ്ങളുടെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിൻവാതിലിലൂടെ നിയമിച്ചിട്ടുണ്ട്. ഞങ്ങൾ അതിനെതിരെയാണ് ചോദ്യം ചെയ്യുന്നത്. ധാരളാം സാധാരണക്കാരും ചെറുപ്പാർക്കുമുള്ള അവസരങ്ങൾ നിങ്ങൾ രാഷ്ട്രീയദുഷ്ടലാക്കോടുകൂടി സ്വന്തക്കാരെ തിരുകി കയറ്റുകയാണ്. ഇതിൽ ഞങ്ങൾ അതിശക്തമായി പ്രതിഷേധിക്കുന്നു. കേരളത്തിന്റെ തൊഴിലിടങ്ങൾ ഇല്ലാതാവുകയാണ്. ഇവിടെ മൈഗ്രേഷൻ സർവെ  വായിച്ചല്ലോ; കഴിഞ്ഞ

വർഷം പോയതിന്റെ ഇരട്ടി ആളുകളാണ് ഈ വർഷം പുറത്തേയ്ക്ക് പോകുന്നത്. കേരളം ഒരു തൊഴിൽ സാധ്യതയില്ലാത്ത സ്ഥലമായി അധഃപതിക്കുമ്പോൾ അതിനെ രക്ഷപ്പെടുത്താൻ ക്രിയാത്മക മാർഗ്ഗങ്ങൾ തേടണമെന്ന് പറയുമ്പോൾ അതിനെ അഡ്രസ്സ് ചെയ്യാതെ ഒളിച്ചോടാനുള്ള ശ്രമമാണ് സർക്കാർ നടത്തിയത്. ഇതിനെതിരെ അതിശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഞാൻ അധികമായി സംസാരിക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കണ്ണും അടച്ചൊരു പ്രസംഗം നടത്തുകയാണ്. അതുകേട്ട് അന്തം വിട്ടിരിക്കുന്നത് ഞങ്ങളല്ല; ചുറ്റുമിരിക്കുന്ന മന്ത്രിമാരും അദ്ദേഹത്തിന്റെ സഹപ്രവർത്തകരുമാണ്. കാരണം അവർക്ക് ഫണ്ടില്ലാത്തതുകൊണ്ട് പ്രവർത്തനരഹിതമായിട്ടുള്ള സമയത്താണ് ഇവിടെയെല്ലാം സുഭിക്ഷമാണെന്നുള്ള ഈ പ്രസംഗം. കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഏറ്റവും പോപ്പുലറായ പദ്ധതിയാണ് ജലജീവൻ. ഏത് ഗവൺമെന്റ്

ആണെങ്കിലും എല്ലാവർക്കും കുടിവെള്ളം കൊടുക്കുമെന്ന് പറഞ്ഞ പദ്ധതിയിൽ നമ്മുടെ ഷെയർ പൂർണ്ണമായി കൊടുക്കാത്തതുകൊണ്ട് പ്രശ്നമില്ലേ; ജലജീവൻ പോലുള്ള പദ്ധതികൾ  എല്ലാ ഗ്രാമത്തിലും കുടിവെള്ളം കൊടുക്കാമായിരുന്ന പദ്ധതിക്ക് നമ്മുടെ ഷെയർ വേണ്ടത്ര കൊടുക്കാത്തതുകൊണ്ട് ആ പദ്ധതി പഞ്ചായത്തുകൾക്ക് നടപ്പാക്കുന്നതിൽ പ്രശ്നമില്ലേ: അത് പരിശോധിക്കണം. ഈ ഒന്നാം സ്ഥാനത്തിനുള്ള യാത്രയിൽ; അതായത് കുട്ടികൾക്ക് പഠിക്കാൻ നിലവാരമുള്ള കോളേജില്ലാത്തതുകൊണ്ട് നാട് വിടുന്നതിൽ ഒന്നാം സ്ഥാനം. അതുപോലെ ജോലിയില്ലാത്തതുകൊണ്ട് എങ്ങോട്ടെങ്കിലും പോകുന്നതിൽ  ഒന്നാം സ്ഥാനം. അങ്ങനെ എന്തെല്ലാം ഒന്നാം സ്ഥാനങ്ങളുണ്ടാകും; നമ്മുടെ സംസ്ഥാനത്തിലുള്ളതുപോലെ പി.എസ്.സി. പണ്ടേ മറ്റു സംസ്ഥാനങ്ങളിലില്ല. അവിടെ പല നിയമനത്തിനും പല ബോർഡ് ആണ്. കേരളത്തിലെ പബ്ലിക് സർവീസ് കമ്മീഷന് ഇത്രയും റിക്രൂട്ട്മെന്റ് കുറഞ്ഞൊരു ഒരുകാലമുണ്ടായിട്ടില്ല. ഫണ്ടില്ലാത്തതുകൊണ്ട് എല്ലാ വകുപ്പുകളും പ്രവർത്തനരഹിതമായി നിൽക്കുകയാണ്. ഞാൻ  സൂചിപ്പിക്കുന്നത്; എല്ലാം സുഭിക്ഷമാണെന്നും ഒരു

കുഴപ്പമില്ലെന്നും പറയുന്നതിനുപകരം അല്പംകൂടി യഥാർത്ഥ്യ ബോധത്തോടുകൂടി നമുക്കിത് ചർച്ച ചെയ്യുകൂടെ;

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പി.എസ്.സി.-യിൽ ഏറ്റവും കുറച്ച് നിയമനം നടക്കുന്ന കാലമാണെന്ന് സൂചിപ്പിക്കുന്നത് തെറ്റാണ്. പി.എസ്.സി.-യുടെ കണക്ക് പരിശോധിച്ചാൽ നിയനത്തിന്റെ കാര്യത്തിൽ വലിയ വർധനയുണ്ടായിട്ടുള്ള കാലമാണ്. അതിനൊരു factual error വരില്ലെന്ന് സൂചിപ്പിച്ചുവെന്നേയുള്ളൂ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സംസ്ഥാനങ്ങളുമായിട്ടും റെയിൽവേ ബോർഡുമായിട്ടുമൊക്കെ താരതമ്യപ്പെടുത്തുന്നതിൽ ഒരാർത്ഥവുമില്ല. കാരണം, ഈ സിസ്റ്റം ഇത്ര ഭംഗിയായി പോകുന്നതിൽ പണ്ടേ ഒന്നാം സ്ഥാനമുള്ള സംസ്ഥാനം കേരളമാണ്. സർക്കാർ മേഖലയിൽ ഇപ്പോൾ അതിനുള്ള അവസരം കുറഞ്ഞുവരികയാണ്. കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് സൂചിപ്പിച്ചതിൽ തർക്കിക്കേണ്ട കാര്യമുണ്ടോ; അവിടെ ഉദ്യോഗസ്ഥർ നാലിലൊന്നായി കുറഞ്ഞു. അതുപോലെ ഓരോന്നെടുത്താലും നമുക്ക് കാണാൻ സാധിക്കും. ഞാൻ മുമ്പ് വ്യവസായ മന്ത്രിയായിരിക്കുമ്പോൾ ഒന്നുരണ്ട് മാസത്തെ ശമ്പളം അല്ലെങ്കിൽ

അഞ്ച് ആറ് മാസത്തെ ശമ്പളം പൊതുമേഖലയിൽ മുടങ്ങുകയെന്നത് വലിയ വാർത്തയായിരുന്നു. ഞാൻ കെ.എസ്.ആർ.ടി.സി. യുടെ കാര്യം പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് രണ്ടുമൂന്ന് മാസത്തെ ശമ്പളമെങ്കിലും ഓണത്തിനുമുമ്പ് കൊടുക്കാൻവേണ്ടി അശ്രാന്ത പരിശ്രമം ചെയ്യുകയെന്നാണ്. അത് കൊടുക്കുകയും ചെയ്തു. അക്കാര്യം നല്ലതുതന്നെയാണ്. പക്ഷെ അത് രണ്ടുമൂന്ന് മാസത്തെ ശമ്പളമാണ്. കശുവണ്ടി മേഖലയിലുള്ളവരുടെ സ്ഥിതി വളരെ കഷ്ടമാണ്. ഒന്നാമതായി അവിടെ നിന്നുവരുന്ന ആളുകളാണല്ലോ ഇവിടെയുള്ളത്. ഇനി പറഞ്ഞിട്ട് കാര്യമില്ലെന്നുള്ള നിലയിൽ ആളുകൾ അങ്ങ് ക്ഷമിക്കുകയാണ്. ആ ഒരു അവസ്ഥയിലായതിനുശേഷം ഇതിനെന്തെങ്കിലും മറ്റ് വഴികളുണ്ടോയെന്ന് പരിശോധിക്കാതെ നമ്മൾ ഇങ്ങനെ പറയുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ; ബംഗാളിൽനിന്ന് ആളുകൾ ഇവിടെ വരുന്നുണ്ട്. അവിടെ ഇതിനെക്കാൾ മുഴപ്പട്ടിണിയാണ്. അതുപോലെ മറ്റ് സ്ഥലങ്ങളിൽനിന്നും ആളുകൾ വരുന്നുണ്ട്. അവർക്ക് എന്തെങ്കിലും ഒരു ജോലി ലഭിച്ചാൽ അവർതന്നെ പാചകം ചെയ്തുണ്ടാക്കി കഴിക്കും. പക്ഷെ നമ്മൾ അങ്ങനെയാണോ; നമ്മൾ പല മേഖലകളിലും പണ്ടേ ഒന്നാം സ്ഥാനമാണ്. അതായത് ആയുർദൈർഘ്യത്തിൽ,

തൊഴിലവസരങ്ങളിൽ, വിദ്യാഭ്യാസ നിലവാരത്തിൽ എന്നിവയിലൊക്കെ ഒന്നാം സ്ഥാനമാണ്. ഒന്നാം സ്ഥാനം ഇപ്പോൾ ഉണ്ടായതല്ല. നമുക്ക് പല രംഗത്തും ഒന്നാം സ്ഥാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയെന്നുള്ളതാണ് വസ്തുത. ഫണ്ടില്ലാത്തതുകൊണ്ട് നവകേരള സദസ്സിന് ഏറ്റവും കൂടുതൽ പബ്ലിസിറ്റി കൊടുത്ത് തുടങ്ങിയ കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജില്ലാടിസ്ഥാനത്തിൽ യോഗം വിളിച്ചിട്ട് ഏറ്റവും പ്രയോരിറ്റിയുള്ള ഏതെങ്കിലും ഒന്നുരണ്ട് പ്രോജക്ടുകൾ പറയുമെന്നാണ് പറയുന്നത്. അതായത് റോഡിന്റെ വിഷയങ്ങളെസംബന്ധിച്ച് സൂചിപ്പിക്കുകയാണെങ്കിൽ അതിൽ 10 കോടി രൂപ വേണമെങ്കിൽ 5 കോടി രൂപയെ നൽകുകയുള്ളൂ. ബാക്കി രൂപ നൽകാനില്ല. പക്ഷെ സ്ഥിതി വളരെ ദയനീയമാണെന്നുള്ളത് അഡ്മിറ്റ് ചെയ്ത് ഇതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമെന്താണെന്നാണ് ഡിബേറ്റ് ചെയ്യേണ്ടത്. ഇപ്പോൾ സമരം ചെയ്ത യു.ഡി.എഫ്. യുവാക്കളെ ഞാൻ ജയിലിൽപോയി കണ്ടിരുന്നു. അതിൽ യൂത്ത് ലീഗിന്റെ, യൂത്ത് കോൺഗ്രിന്റെ ആളുകളൊക്കെ അവിടെ കിടക്കുകയാണ്. സമരം ചെയ്യുകയല്ലാതെ അവർക്ക് എന്ത് ചെയ്യാൻ കഴിയും. സീരിയസായി ചിന്തിക്കേണ്ടത് സർക്കാരാണ്. അതിന്റെ മുകളിലൊരു ഡിബേറ്റ് വച്ച് അതിനുള്ള

സൊല്യൂഷൻ നിങ്ങൾ ആലോചിക്കുകയാണെങ്കിൽ ഞങ്ങളും സഹകരിക്കാൻ തയ്യാറാണ്. അതിനുപകരം ഇങ്ങനെ കണ്ണുമടച്ച് അങ്ങ് പറയുമ്പോൾ ചുറ്റുമിരിക്കുന്ന മന്ത്രിമാർപോലും അത് വിശ്വസിക്കില്ല. അവരൊക്കെ പ്രവർത്തരഹിതമായി കിടക്കുന്ന കാലത്താണ് അങ്ങിത് സൂചിപ്പിക്കുന്നത്. അതുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിൽ തൊഴിലവസരങ്ങൾ കൂട്ടുതലായി കൊടുക്കുന്നതിന് ആത്മാർത്ഥമായ നടപടി സ്വീകരിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. കേന്ദ്ര സർക്കാർ തൊഴിലവസരങ്ങൾ വെട്ടി ചുരുക്കുകയും തൊഴിൽ സാധ്യതകളില്ലാതാക്കുകയും ചെയ്യുന്ന സമീപനം നിലനിൽക്കുന്നു. രാജ്യത്തൊട്ടാകെ യുവാക്കൾ അതിനെതിരായി അതിശക്തമായി പ്രക്ഷോഭമാണ് നടത്തുന്നത്. കർഷക പ്രക്ഷോഭംപോലെതന്നെ യുവജനങ്ങളുടെ വലിയ സമരമാണ് രാജ്യത്തുണ്ടായത്. ഇവിടെ ആകെ പ്രതീക്ഷയുള്ളത്

കേരളത്തിലെ പി.എസ്.സി.-യിൽനിന്ന് പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കും സർക്കാർ സ്ഥാപനങ്ങളിലേയ്ക്കും നിയമനങ്ങൾ ലഭിക്കുമെന്ന പ്രതീക്ഷയാണ്. നമ്മുടെ സംസ്ഥാനത്ത് പഠിക്കുന്ന കാലത്തുതന്നെ വിദ്യാർഥികൾ മനസ്സിൽ ആ സ്വപ്നം കണ്ടുവരുന്ന രീതിയാണുള്ളത്. അതിവിടെ അവസാനിച്ചുവെന്നുള്ളതുകൊണ്ട് പ്രതീക്ഷ നഷ്ടപ്പെട്ടുകയാണ്. പതിനായിരക്കണക്കിന് ചെറുപ്പക്കാർ ജോലി തേടി മറ്റ് രാജ്യങ്ങളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും പോകുന്ന ദുരന്തപൂർണ്ണമായ അവസ്ഥയാണുള്ളത്. കേരളത്തിൽനിന്ന് മറ്റ് സ്ഥലങ്ങളിലേക്ക് ആളുകൾ പോകുന്നതിന് പച്ചക്കൊടി കാണിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കൈയും കെട്ടി നോക്കി നിൽക്കുന്ന ഒരാവസ്ഥയിലേക്ക് പോകുന്നുവെന്ന് പറയുന്നത് കേരളത്തെ തകർക്കുന്ന നിലപാടാണ്. അതുകൊണ്ട് പി.എസ്.സി.-യുടെ നിയമനങ്ങളുൾപ്പെടെയുള്ള കാര്യങ്ങളിൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് കൂടുതൽ നിയമനങ്ങൾ നടത്താൻ കഴിയുന്ന നിലയിലും പിൻവാതിൽ നിയമനങ്ങൾ അവസാനിപ്പിച്ച് ശരിയായ മാർഗ്ഗത്തിലൂടെ നിയമനങ്ങൾ നടത്താൻ കഴിയുന്ന വിധത്തിലേക്കും ഉദ്യോഗാർഥികൾക്കും കേരള സംസ്ഥാനത്തെ ചെറുപ്പാക്കാർക്കും

പ്രതീക്ഷകൊടുക്കാൻ കഴിയുന്നവിധത്തിൽ അവരുടെ വികാരത്തെ മാനിക്കാൻ കഴിയുന്നവിധത്തിൽ സംസ്ഥാന സർക്കാർ ഈ തെറ്റായ നിലപാട് തിരുത്തണമെന്നാവശ്യപ്പെടുന്നു. സഭാനടപടികൾ നിർത്തിവച്ച് യുവാക്കളെ ബാധിക്കുന്ന പ്രസ്തുത വിഷയം ചർച്ച ചെയ്യാൻ തയാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കഴിഞ്ഞ മൂന്ന് ദിവസവും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ ചർച്ച ചെയ്യാൻ സർക്കാർ തയ്യാറായെങ്കിൽ പ്രസ്തുത വിഷയവും അതെ സ്പിരിറ്റിലെടുത്ത് ചർച്ച ചെയ്യേണ്ട ഒന്നുതന്നെയാണ്. കേരളത്തിലെ പതിനായിരക്കണക്കിന് യുവാക്കൾ തൊഴിൽരഹിതരായ അല്ലെങ്കിൽ അവർക്ക് തൊഴിൽ സാഹചര്യങ്ങൾ ഇല്ലാതാകുന്ന അതീവഗുരുതരമായ സാഹചര്യമാണ് ചൂണ്ടിക്കാണിക്കുന്നത്. പി.എസ്.സി. നിയമനത്തിലേക്ക് നമ്മുടെ യുവാക്കൾ കൂടുതൽ ആശ്രയിക്കാനുള്ള പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന്, കാർഷികമേഖലയിലും മറ്റ് വ്യവസായിക

മേഖലയിലൊക്കെ തൊഴിൽ സന്ദർഭങ്ങൾ കുറയുന്നുവെന്നുള്ളതാണ്. അങ്ങനെ പി.എസ്.സി. ഏറ്റവും വലിയ ആശ്രയങ്ങളിലൊന്നായി മാറുകയാണ്. ഇവിടെ സി.പി.ഒ. റാങ്ക് ലിസ്റ്റിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. സി.പി.ഒ. റാങ്ക് ലിസ്റ്റ് മാത്രമല്ല എല്ലാ റാങ്ക് ലിസ്റ്റുകളുടെയും അവസ്ഥ സമാനമാണ്. ഇപ്പോൾ വനം വകുപ്പിൽ കാട്ടുമൃഗങ്ങളുടെ ആക്രമണത്തെക്കുറിച്ച് ഏറ്റവും കൂടുതൽ തവണ സഭയിൽ ചർച്ച ചെയ്ത വിഷയമാണ്. അപ്പോഴും വനംവകുപ്പിൽ ആവശ്യമായ തസ്തികകളില്ല. അവിടെ നിയമനങ്ങൾ നടത്താൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ? കെ.എസ്.ഇ.ബി.-യിൽ പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടെന്നാണ് ബോർഡ് തീരുമാനമെടുത്തിരിക്കുന്നതെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത് പലപ്പോഴും, നമുക്ക് അർഹമായ നിയമനങ്ങൾ കൃത്യമായ നിലയിൽ വെക്കൻസികൾ റിപ്പോർട്ട് ചെയ്യപ്പെടാതെ പല വകുപ്പുകളും തടഞ്ഞുവയ്ക്കുന്ന സാഹചര്യമുണ്ടാകുന്നു. നേരത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കാര്യം സൂചിപ്പിക്കുകയുണ്ടായി. 1990-2000-ത്തിലൊക്കെ രജിസ്റ്റർ ചെയ്തവർ ഇതുവരെ ഒരുപ്രാവശ്യപോലും ജോലിക്ക് വിളിക്കാത്ത സാഹചര്യത്തിലാണ് പിൻവാതിൽ നിയമനങ്ങളുടെ ഗുരുതരമായ സാഹചര്യം നമ്മൾ

ചിന്തിക്കേണ്ടത്. അത് ഇന്ന വകുപ്പെന്നില്ല, എല്ലാ വകുപ്പിലും വളരെ കൃത്യവും അസൂത്രിതവുമായ പിൻവാതിൽ നിയമനങ്ങൾ താൽപ്പര്യക്കാർക്കുവേണ്ടിമാത്രം ഈ സർക്കാർ നൽകുകയാണ്. അതുവഴി അനവധി ചെറുപ്പക്കാരുടെ അർഹമായ സാഹചര്യങ്ങളും അവസരങ്ങളും നഷ്ടപ്പെടുത്തുന്നുവെന്നുള്ളതാണ്. ഇത്തരത്തിലുള്ള വിഷയങ്ങളിൽ കേരളത്തിലെ ജനങ്ങളെ പരിപൂർണ്ണമായി വഞ്ചിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത് എല്ലാം ഭദ്രമാണെന്നാണ്. സംസ്ഥാനത്തെ യുവതീ/യുവാക്കളുടെ ജോലി തേടിയുള്ള അലയൽ വളരെ പരിതാപകരമാണ്. പി.എസ്.സി.-യ്ക്ക് നിയമനം നടത്താൻ കഴിയുന്നില്ലെങ്കിൽ അത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് അയ്ക്കണമെന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് നിയമനം ലഭിക്കാത്ത എത്രയോ ആളുകൾ; വികലാംഗർ,

ഭിന്നശേഷിക്കാർ, വിധവകൾ ഇവരിലൊക്കെ ഒരുപ്രാവശ്യംപോലും ജോലിക്ക് വിളിക്കാത്ത ആളുകളുണ്ട്. ഈ സമയങ്ങളിൽ അത്തരം സ്ഥലങ്ങളിലേക്ക് പിൻവാതിൽ നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കരാർ അടിസ്ഥാനത്തിൽ നിയമനം നടക്കുകയാണ്. അധ്യാപകർക്ക് തസ്തിക നിർണ്ണയിക്കാത്തതുമൂലം പല പോസ്റ്റുകളിലും താൽക്കാലികമായിട്ടാണ് നിയമിക്കുന്നത്. നിയമിച്ച അധ്യാപകർതന്നെ ആറും ഏഴും വർഷമായി അവർക്ക് ശമ്പളം ലഭിക്കാതെ ജോലി ചെയ്യേണ്ട ഒരു സാഹചര്യമാണ്. റാങ്ക് ലിസ്റ്റിലുള്ളവർക്ക് അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുപോലും നിയമനം ലഭിക്കാത്ത സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. വളരെ ഗുരുതരമായ രൂപത്തിൽ തൊഴിൽ സാഹചര്യങ്ങൾ കുറഞ്ഞുവരികയാണ്. ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി)